## ജി.എൽ.പി.എസ് ചെറിയാക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ


# 2025


# അക്കദമിക മാസ്റ്റർ പ്ലാൻ

കോവിഡാനന്തര വിദ്യാഭ്യാസ പ്രക്രിയയിൽ കുട്ടികകളെ സൂക്ഷ്മമായി വിലയിരുത്തി പഠനപ്രവർത്തനങ്ങൾ സജ്ജമാക്കുക എന്നത് പ്രധാനമാണ്. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് ഓരോ ക്ലാസിനും സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. 2022 അവധിക്കാല പരിശീലത്തിലെ പ്രധാന പരിശീലന സെഷനായിരുന്നു അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണത്തിന്റെ പ്രാധാന്യം എന്നത്.

പരിശീലാനന്തരം വിദ്യാലയ എസ്.ആർ.ജി യോഗം ചേർന്ന് വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ നവീകരിക്കാനും ഒപ്പം ഓരോ ക്ലാസിനും പ്രത്യേകം പ്രത്യേകം മാസ്റ്റർ പ്ലാൻ രൂപീകരിക്കാനും ധാരണയായി.അതിന്റെ അടിസ്ഥാനത്തിൽ പ്രീസ്കൂൾ മുതൽ നാലാം ക്ലാസുവരെയുള്ള സമഗ്രപദ്ധതിയും, ആദ്യഘട്ടം എന്ന നില ഒന്നാം ക്ലാസിന്റെ അക്കാദമിക മാസ്റ്റർ പ്ലാനും(ഡ്രാഫ്റ്റ്) തയ്യാറാക്കിയിരിക്കുന്നു.

മാസ്റ്റർ പ്ലാൻ രക്ഷിതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്ത് ആവശ്യമായ കൂട്ടിച്ചേർക്കലുകളോടെ മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.






## അക്കാദമിക പദ്ധതി – വിദ്യാലയ പരിപ്രേക്ഷ്യം

നമ്മുടെ സ്കൂളിലെത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം, തുല്യ അവസരങ്ങൾ എന്നിവ പ്രധാനം ചെയ്യുന്നു എന്ന് ഉറപ്പാക്കുകയെന്നതാണ് നമ്മുടെ ഉത്തരവാദിത്തമാണ്. ഇതിനായി വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് ജി.എൽ.പി.എസ് ചെറിയാക്കരയിൽ നടപ്പിലാക്കുന്നത്. ഇതിനായി **അക്കാദമിക് പ്രവർത്തനം, ക്ലാസ്റൂമിൽ വരേണ്ട മാറ്റം, ഭൗതിക സാഹചര്യം, പാഠ്യേതര പ്രവർത്തനങ്ങൾ, സാമൂഹ്യ ഇടപെടൽ** തുടങ്ങി വിവിധ മേഖലകളായി തിരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

മികച്ച വിദ്യാലയം രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കേണ്ടത് വിദ്യാലയസമൂഹമാണ്. കുട്ടികളുമായി നേരിട്ട് സംവദിക്കുന്ന ക്ലാസ്സ് മുറികളിലാണ് പഠനനേട്ടങ്ങൾ ഉറപ്പാക്കാൻ സാധിക്കുക. അതിനായി മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലേക്ക് എത്താൻ സഹായകമാവുന്ന പഠനാവസരം ലഭ്യമാക്കണം.കോവിഡ് സൃഷ്ടിച്ച പ്രയാസങ്ങൾക്കിടയിൽ ഇത് അനിവാര്യമാണുതാനും. സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുകയും, പൊതുസമൂഹത്തിന്റെ വിശ്വാസവും അംഗീകാരവും നേടുകയും വേണം.

ഭാഷാവിഷയങ്ങൾ, ശാസ്ത്രവിഷയങ്ങൾ ഗണിതം, ഐ.ടി തുടങ്ങിയ മേഖലകളിൽ ഔന്നത്യം പുലർത്താൻ ഓരോ കുട്ടിക്കും കഴിയണം. **പ്രീസ്കൂൾ മുതൽ നാലാംക്ലാസു വരെ ഓരോ ക്ലാസ്സിലും കുട്ടികൾക്ക് ലോകത്തെവിടെയുമുള്ള കുട്ടികളോട് അറിവിലും കഴിവിലും സംവദിക്കാനും ചേർന്ന് പ്രവർത്തിക്കാനും ആവശ്യമായ ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.** ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം ഉളവാകണം.**മതനിരപേക്ഷജനാധിപത്യ വിദ്യാലയം** എന്നതാണ് നമ്മുടെ കാഴ്ചപ്പാട്.

അന്വേഷണാത്മകപഠനത്തിൽ സ്കൂൾ സ്കൂൾറിസോഴ്സുകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് അവയെ വിപുലപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും വേണം. ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവ്വിന്റെ തെളിവുകളാൽ സമൃദ്ധമാക്കുകയും, കുട്ടികളുടെ പഠന തെളിവുകൾ,പോർട്ഫോളിയോകൾ, റഫ



## അക്കാദമിക പദ്ധതി – വിദ്യാലയ പരിപ്രേക്ഷ്യം

നമ്മുടെ സ്കൂളിലെത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം, തുല്യ അവസരങ്ങൾ എന്നിവ പ്രധാനം ചെയ്യുന്നു എന്ന് ഉറപ്പാക്കുകയെന്നതാണ് നമ്മുടെ ഉത്തരവാദിത്തമാണ്. ഇതിനായി വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് ജി.എൽ.പി.എസ് ചെറിയാക്കരയിൽ നടപ്പിലാക്കുന്നത്. ഇതിനായി **അക്കാദമിക് പ്രവർത്തനം, ക്ലാസ്റൂമിൽ വരേണ്ട മാറ്റം, ഭൗതിക സാഹചര്യം, പാഠ്യേതര പ്രവർത്തനങ്ങൾ, സാമൂഹ്യ ഇടപെടൽ** തുടങ്ങി വിവിധ മേഖലകളായി തിരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

മികച്ച വിദ്യാലയം രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കേണ്ടത് വിദ്യാലയസമൂഹമാണ്. കുട്ടികളുമായി നേരിട്ട് സംവദിക്കുന്ന ക്ലാസ്സ് മുറികളിലാണ് പഠനനേട്ടങ്ങൾ ഉറപ്പാക്കാൻ സാധിക്കുക. അതിനായി മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലേക്ക് എത്താൻ സഹായകമാവുന്ന പഠനാവസരം ലഭ്യമാക്കണം.കോവിഡ് സൃഷ്ടിച്ച പ്രയാസങ്ങൾക്കിടയിൽ ഇത് അനിവാര്യമാണുതാനും. സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുകയും, പൊതുസമൂഹത്തിന്റെ വിശ്വാസവും അംഗീകാരവും നേടുകയും വേണം.

ഭാഷാവിഷയങ്ങൾ, ശാസ്ത്രവിഷയങ്ങൾ ഗണിതം, ഐ.ടി തുടങ്ങിയ മേഖലകളിൽ ഔന്നത്യം പുലർത്താൻ ഓരോ കുട്ടിക്കും കഴിയണം. **പ്രീസ്കൂൾ മുതൽ നാലാംക്ലാസു വരെ ഓരോ ക്ലാസ്സിലും കുട്ടികൾക്ക് ലോകത്തെവിടെയുമുള്ള കുട്ടികളോട് അറിവിലും കഴിവിലും സംവദിക്കാനും ചേർന്ന് പ്രവർത്തിക്കാനും ആവശ്യമായ ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.** ഒപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം ഉളവാകണം.**മതനിരപേക്ഷജനാധിപത്യ വിദ്യാലയം** എന്നതാണ് നമ്മുടെ കാഴ്ചപ്പാട്.

**അന്വേഷണാത്മകപഠനത്തിൽ സ്കൂൾ സ്കൂൾറിസോഴ്സുകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് അവയെ വിപുലപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും വേണം. ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവ്വിന്റെ തെളിവുകളാൽ സമൃദ്ധമാക്കുകയും, കുട്ടികളുടെ പഠന തെളിവുകൾ,പോർട്ട്ഫോളിയോകൾ, റഫ**

റൻസ് ചാർട്ടുകൾ, പഠനോപകരണങ്ങൾ, പതിപ്പുകൾ, ടീച്ചർ വേർഷനുകൾ തുടങ്ങി എല്ലാ വിഷയങ്ങളുടെയും തയ്യാറെടുപ്പുകൾ, പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ, പഠന നേട്ടങ്ങളുടെ ലിസ്റ്റ് തുടങ്ങിയവ ആകർഷകമായി പ്രദർശിപ്പിക്കുകയും പഠനത്തിന്റെ ഭാഗമായി പുനരുപയോഗിക്കുന്നുവെന്ന് നാം ഉറപ്പുവരുത്തുകയും വേണം.

പഠന പിന്നോക്കാവസ്ഥയുടെ മേഖലകൾ, സ്വഭാവം, വ്യാപ്തി എന്നിവ കണ്ടെത്തി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പു വരുത്തുന്നതിന് അധ്യാപകരെ പ്രാപ്തരാക്കും. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സവിശേഷ പരിഗണന നൽകും. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും **വ്യക്തിഗത പഠനപദ്ധതി (ഐ.ഇ.പി)** രൂപീകരിച്ച് പിന്തുണയും പ്രോത്സാഹനവും നൽകും. ഓരോ കുട്ടിയുമായി ആത്മബന്ധം പുലർത്താനും അവരുടെ വ്യക്തിത്വം ഉൾക്കൊണ്ട് പരമാവധി വികാസത്തിലേക്ക് നയിക്കാനും, രക്ഷാകർതൃസമൂഹത്തിന്റെ സഹായത്തോടെ സമൂഹത്തിലെ ഓരോ കുട്ടിയുടെയും പിന്നോക്കാവസ്ഥയിൽ ഇടപെടാനും, പരിഹരിക്കാനും കഴിയണം.

ഇത്തരത്തിൽ വിദ്യാലയത്തിൽ എൻറോൾ ചെയ്യപ്പെട്ട മുഴുവൻ കുട്ടികൾക്കും പഠനനേട്ടം കൈവരിക്കൻ ഉതകുന്നതരത്തിൽ,വ്യക്തി വ്യത്യാസം പരിഗണിക്കുമ്പോൾ തന്നെ അറിവിലും കഴിവിലും ഓരോ പഠിതാവിനും അവന്റെ/അവളുടെ കഴിവിന്റെ പരമാവധിയിലേക്ക് ഉയരാൻ സാധിക്കുന്നവിധത്തിൽ സമഗ്രമായ അക്കാദമിക പദ്ധതിക്കാണ് ഇവിടെ രൂപം നൽകുന്നത്.ഇക്കുറി ക്ലാസ് തല മാസ്റ്റർ പ്ലാൻ സഹിതം രൂപപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് വിദ്യാലയമികവിന് സഹായമാവുക തന്നെ ചെയ്യും.

## ചെറിയാക്കരയ്ക്ക് ഒരു ആമുഖം

### വിദ്യാലയത്തിന്റെ പിറവി

ചെറിയാക്കര ബോട്ടുകടവിൽ നിന്നും അല്പം തെക്കുമാറി ഒരു പഴയ വീടിന്റെ വരാന്തയോടുചേർന്ന മുറിയിലായിരുന്നു ഏകാധ്യാപക വിദ്യാലയം എന്ന നിലയിൽ 1956 ൽ ജി.എൽ.പി സ്കൂൾ ചെറിയാക്കര പ്രവർത്തനമാരംഭിച്ചത്.20 ൽ താഴെ മാത്ര മായിരുന്നു ആദ്യകാലത്ത് വിദ്യാർത്ഥികൾ ഉണ്ടായിരുന്നത്. സ്കൂളിൽ ബെഞ്ച്,മേശ,കസേര എന്നിവ പേരിനുമാത്രമേ ഉണ്ടായിരുന്നുള്ളൂ

സ്കൂളിന് പഠനസൗകര്യം ഇല്ലാത്തകാര്യം നാട്ടുകാരും കുട്ടികളുടെ രക്ഷിതാക്കളും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സഹൃദരായ രക്ഷിതാക്കളുടെ സഹകരണത്തോടെ സ്കൂളിന് സ്വന്തമായി ഒരു കെട്ടിടം സാധ്യമായി,ഇതിന് വാതിലുകളും ജനലുകളും ഉണ്ടായിരുന്നില്ല. അതിനാൽ ചെറിയാക്കര സ്കൂളിന്റെ താഴെയുള്ള കൊഴുമ്മൽ വീട്ടിലായിരുന്നു മിക്ക സ്കൂൾ റിക്കാർഡുകളും സൂക്ഷിച്ചിരുന്നത്. കെട്ടിടമുണ്ടാക്കാൻ ഉത്സാഹിച്ച വ്യക്തികളിൽ പ്രധാനികൾ കെപി വെള്ളുങ്ങ, ടിവി കുഞ്ഞമ്പു എന്നിവരായിരുന്നു.

### വിദ്യാലയത്തിന്റെ നാൾവഴികൾ

ആദ്യ വർഷങ്ങളിൽ ആവശ്യത്തിന് കുട്ടികൾ പഠിച്ചിരുന്ന നാടിന്റെ വെളിച്ചമായിത്തന്നെ നിലകൊണ്ടിരുന്ന വിദ്യാലയത്തിൽ 1996 ന് ശേഷമാണ് കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുവാൻ ആരംഭിച്ചത്.

1996 ൽ നിന്ന് 20 വർഷം പിന്നിട്ട് 2016 ൽ എത്തിയപ്പോൾ ഒന്നാം ക്ലാസിൽ ഒരു കുട്ടി മാത്രം പ്രവേശനം നേടി പത്രത്താളുകളിൽ ഇടംപിടിച്ച ജി.എൽ.പി.എസ് ചെറിയാക്കര അപമാനഭാരത്താൽ തലതാഴ്ത്തി നിന്നു,വിദ്യാലയത്തിന് സമൂഹത്തിൽ സ്വീകാര്യതയില്ലാതായിപ്പോയപ്പോൾ വിദ്യാലയ പിടിഎ പതറി.

വാർഡ് മെമ്പർമാരും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമടക്കം ചെറിയാക്കരയിൽ എത്തി ക്ലാസ് മുറിയിൽ തനിച്ചായിപ്പോയ ഒന്നാംക്ലാസുകാരി അർച്ചനക്ക് ഒരു കൂട്ടുകാരിയെ കണ്ടെത്താൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല.2016 –17 വർഷം ഒന്നുമുതൽ 4 വരെ കേവലം 16 കുട്ടികൾ മാത്രമായി എൻറോൾമെന്റ് പരിമിതപ്പെട്ടു.2017 –18 ലും തത്സ്ഥിതി തന്നെ. ആ വർഷം അർച്ചനക്ക് ആദ്യത്യൻ എന്ന കുട്ടി കൂട്ടെത്തിയപ്പോൾ പിടിഎ ക്ക് വലിയ ആശ്വാസമായി.രണ്ടാം ക്ലാസിൽ രണ്ടു കുട്ടികളും മറ്റ് ക്ലാസുകളിൽ വിരലിലെണ്ണാവുന്ന കുട്ടികളുമായി ആ വർഷവും ആകെ കുട്ടികളുടെ എണ്ണം 16 തുടർന്നു.

ഇക്കാലയളവിൽ ചെറിയതോതിൽ ധനസമാഹരണം നടത്തി ഓട്ടോറിക്ഷ സൗജന്യമായി ഓടിച്ച് ഗതാഗതസൗകര്യം ഒരുക്കാൻ കേവലം 15 അംഗങ്ങൾ മാത്രമുള്ള സ്കൂൾ പിടിഎ ശ്രമിച്ചുകൊണ്ടേയിരുന്നു.

2017 – 18 ജൂൺ പിറക്കുമ്പോൾ സ്കൂൾ പിടിഎ ക്ക് വീണ്ടും ആധി കയറി.കുട്ടികളുടെ എണ്ണം വീണ്ടും കുറഞ്ഞു.ഒന്നാം ക്ലാസിൽ പ്രവേശനം നേടിയത് കേവലം 4 കുട്ടികൾ മാത്രം.ആകെ കുട്ടികളുടെ എണ്ണം 13 ലേക്ക കുറഞ്ഞു.

ഒന്നാം ക്ലാസിൽ 4,രണ്ടാം ക്ലാസിൽ 4, മൂന്നാംക്ലാസിൽ 2 (അർച്ചനയും ആദിത്യനും മാത്രം),നാലാം ക്ലാസിൽ 3 എന്നിങ്ങനെയായി എണ്ണം.കുട്ടികൾ വല്ലാണ്ട് കുറഞ്ഞപ്പോൾ പിടിഎ അംഗങ്ങളുടെ എണ്ണം 13 ലേക്ക് ചുരുങ്ങി.സ്കൂളിനോട് ചേർന്ന് പ്രീപ്രൈമറി ആരംഭിച്ചാൽ പ്രശ്നത്തിന് പരിഹാരമാകുമോ എന്ന അന്വേഷണത്തിൽ അവധിക്കാലത്തു തന്നെ പ്രീസ്കൂൾ ആരംഭിച്ചെങ്കിലും കേവലം 4 കുട്ടികൾ മാത്രമാണ് പ്രവേശനം തേടിയത്.

അങ്ങനെ വിദ്യാലയാന്തരീക്ഷത്തിൽ പ്രീപ്രൈമറി അടക്കം കേവലം 17 കുട്ടികൾ മാത്രമായിപ്പോയ 2017 – 2018 വർഷത്തിലാണ് വളരെ ചെറിയ സ്കൂൾ പിടിഎ പിൽക്കാലത്ത് കേരളത്തിന് തന്നെ മാതൃകയാക്കാൻ സാധിക്കുന്ന വലിയ മുന്നേറ്റത്തിലേക്ക് ചുവടുവെക്കുന്നത്.

ഒന്നോ രണ്ടോ കുട്ടികൾ മാത്രം ക്ലാസ് മുറിയിൽ തനിച്ചായി പഠനം നടത്തുമ്പോൾ വിദ്യാലയാന്തരീക്ഷത്തിൽ നിന്നും ലഭിക്കേണ്ട ഒട്ടേറെ കഴിവുകൾ കുട്ടികൾക്ക് നഷ്ടമാകുന്നുണ്ട്.കൂട്ടുകാരോട് പരസ്പരം സംസാരിച്ച് ലഭിക്കേണ്ട ഭാഷാവികാസം, ഗ്രൂപ്പുകളിൽ ഇടപെട്ട് കൊണ്ടും കൊടുത്തും ലഭിക്കേണ്ട സാമൂഹ്യവൈകാരിക വികാസം എന്നിവയൊക്കെ നഷ്ടമാകുന്നത് പിൽക്കാലത്ത് ഈ മക്കളെ വലിയതോതിൽ ബാധിക്കും എന്ന ചർച്ച പിടിഎ യിൽ ഉണ്ടായി. ഈ തിരിച്ചറിവാണ് കൈമെയ് മറന്ന് ഒരു നാടിനെ കൂട്ടുപിടിച്ച് വിദ്യാലയവികസനത്തിനായി മുന്നേറണം എന്ന ചിന്ത ഉണ്ടാകാനുള്ള പ്രധാനകാരണം.

13 രക്ഷിതാക്കൾ മാത്രമുള്ള വിദ്യാലയ പിടിഎ സ്കൂൾ വികസനം ലക്ഷ്യം വെച്ച് വിദ്യാലയ വികസന സമിതി രൂപീകരിച്ചു.പിന്നീട് പൂർവവിദ്യാർത്ഥി സംഘടന രൂപീകരിക്കപ്പെട്ടു.മദർ പിടിഎ യിൽ നിന്നും കുറച്ചധികം സമയം വിദ്യാലയത്തിൽ ഇടപെടാൻ സാധിക്കുന്ന അമ്മമാരെ ഉൾപ്പെടുത്തി **മദേഴ്സ് ഫോറം** രൂപീകരിച്ചു.ഇങ്ങനെ സമൂഹത്തിന്റെ നാനാ തുറകളിലുള്ള ആൾക്കാരെ വിദ്യാലയവികസനവും കുട്ടികളുടെ എൻറോൾമെന്റ് വർധനവും ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി.

രണ്ടു വർഷക്കാലത്തെ ചിട്ടയായ പ്രവർത്തനം കൊണ്ട് കേരളസർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തണലിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ 44 കുട്ടികളും പ്രീപ്രൈമറി ക്ലാസിൽ 21 കുട്ടികളുമായി 92 കുട്ടികളെ വിദ്യാലയത്തിൽ പ്രവേശിപ്പിച്ചുകൊണ്ട് ഒരു ഗ്രാമീണവിദ്യാലയത്തെ അതിശക്തമായി പുനർനിർമ്മിച്ചിരിക്കുകയാണ് വിദ്യാലയ പിടിഎ. ഒന്ന്,രണ്ട് ക്ലാസുകളിൽ 14 ഉം 15 ഉം കുട്ടികൾ പഠനത്തിനെത്തിയപ്പോൾ അർച്ചനയുടെ ക്ലാസിൽ ഒരാൾ കൂടി വന്നുചേർന്ന് എണ്ണം 3 ആയി.വിദ്യാലയത്തിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ അൺഎയ്ഡഡ് വിദ്യാലയത്തിൽ പഠിക്കുന്ന ഒരു കുട്ടിപോലും നിലവില്ല എന്നതും ശ്രദ്ധേയമാണ്.

നാലാം ക്ലാസിൽ ആകെ പഠിച്ച 3 പേരിൽ 2 പേരും 2020 ൽ എൽ എസ് എസ് നേടിയപ്പോൾ 2021 ൽ നാലാം ക്ലാസിൽ ആകെ പഠിച്ച 9 പേരിൽ 8 പേരും എൽ എസ് എസ് നേടി എന്നത് അഭിമാനകരമാണ്. വിദ്യാലയത്തിന്റെ അക്കാദമിക നില

വാരത്തിന്റെ നേർസാക്ഷ്യമായി ഈ പഠനനിലവാരത്തെ കാണാം . കഴിഞ്ഞ രണ്ടു വർഷം കൊണ്ട് അക്കാദമികനിലവാരം മെച്ചപ്പെടുത്തിയും സമൂഹത്തെ ബോധ്യപ്പെടുത്തിയും പ്രദേശത്തെ വ്യക്തികളിൽ നിന്നായി പതിനാലര ലക്ഷം രൂപയുടെ സാമ്പത്തികസമാഹരണം നടത്തിയുമാണവിദ്യാലയത്തെ പുനർ സൃഷ്ടിച്ചിരിക്കുന്നത്.

കേരളത്തിന്റെ ആരാധ്യനായ വിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി രവീന്ദ്രനാഥ് ചെറിയാക്കരയെന്ന കൊച്ചു വിദ്യാലയത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പേജിൽ കുറിച്ചതും കേരളത്തിന്റെ റവന്യുമന്ത്രി ശ്രീ ചന്ദ്രശേഖരൻ അടക്കം ഇക്കാലയളവിൽ വിദ്യാലയസന്ദർശനം നടത്തിയതും നിലവിലെ കേരള വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി കേരളത്തിലെ ആദ്യ ജൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കിയത് ചെറിയാക്കരയിലാണെന്ന് പത്രസമ്മേളനത്തിൽ അറിയിച്ചതും ശ്രദ്ധേയമാണ്.

2019-20 വർഷത്തെ ദേശീയ അധ്യാപകപുരസ്ക്കാരും വിദ്യാലയത്തെ തേടിയെത്തിയപ്പോൾ 2020 - 21 ലെ സംസ്ഥാന തലത്തിലെ മികച്ച മൂന്നാമത്തെ പിടിഎ എന്ന സ്ഥാനവും പുരസ്ക്കാരവും നമ്മെ തേടിയെത്തി. പിടിഎ യുടെ അഹോരാത്രമുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ഇത് മാറി.

മുൻ വർഷങ്ങളിൽ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് മികവിന്റെ ഭാഗമായി തയ്യാറാക്കിയ ബ്രോഷറുകളിൽ രണ്ടെണ്ണം ജിഎൽപിഎസ് ചെറിയാക്കരവിദ്യാലയത്തിലെ മുന്നേറ്റം സൂചിപ്പിച്ചിട്ടാണ് എന്നത് എടുത്തു പറയാവുന്ന വസ്തുതയാണ്. 2018 -19 വർഷത്തിലും 2019 - 2020 വർഷത്തിലും വിദ്യാലയം സംഘടിപ്പിച്ച സായാഹ്ന പഠനോത്സവത്തിൽ 400 ലധികം രക്ഷിതാക്കൾ പങ്കെടുത്തിരുന്നു എന്നത് സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധ നേടി.സമഗ്രശിക്ഷ സംസ്ഥാന പ്രോഗ്രാം ഓഫീസർ ഡോ.പി പ്രമോദ് സാറാണ് ആദ്യ പഠനോത്സവത്തിൽ ഗ്രാമത്തിലെ 400 ഓളം ജനങ്ങളോട് അക്കാദമിക ചർച്ച നയിച്ചത്.

സ്കൂൾ പ്രദേശത്ത് പിടിഎ ശാസ്ത്രീയമായ സർവെ നടത്തി കുട്ടികൾ പഠനം തുടരുന്ന സ്ഥാപനങ്ങൾ അതിനുള്ള കാരണങ്ങൾ എന്നിവ കണ്ടെത്തി.അതിന്റെ വിശദാംശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

പ്രദേശത്ത് 1 - 4 വരെ ക്ലാസിൽ പഠിക്കേണ്ടുന്ന 70 കുട്ടികളുണ്ട്.അതിൽ 13 കുട്ടികൾ മാത്രം ചെറിയാക്കര എത്തുമ്പോൾ 56 കുട്ടികളും അൺ എയ്ഡഡ് അടക്കമുള്ള ഇംഗ്ലീഷ് മീഡിയത്തിലേക്കും ഗവ.മേഖലയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കും ബാക്കിയുള്ളവർ 1.5 കി മീ മാത്രം ദൂരമുള്ള ചെറിയാക്കരയിൽ വരെതെ 3 കിമീ ലധികം യാത്ര ചെയ്ത് മറ്റ് വിദ്യാലയങ്ങളിലേക്കും പോകുന്നു എന്ന വസ്തുതയിൽ നിന്നും നിലവിൽ ചെറിയാക്കര വിദ്യാലയത്തിന്റെ മികവിൽ പൂർണബോധ്യത്തോടെ നാട്ടിലെ എല്ലാ കുട്ടികളും ഇവിടെത്തന്നെ പഠിക്കുന്നു എന്നത് മാത്രമല്ല ദൂര ദേശത്ത് നിന്നും ചെറിയാക്കരയിൽ കുട്ടികളെ പഠിപ്പിക്കാൻ രക്ഷിതാക്കൾ താല്പര്യപ്പെടുന്നു എന്നതും ഏറെ സന്തോഷം നൽകുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യങ്ങൾ

- പ്രീസ്കൂൾ മുതൽ നാലാം ക്ലാസുവരെ, ഓരോ ക്ലാസിലും പഠനനേട്ടങ്ങൾ ആർജ്ജിച്ചുകൊണ്ട് ലോകത്തെവിടെയുള്ള സമപ്രായക്കാരനുമായി ആശയവിനിമയം നടത്താനും പ്രശ്നപരിഹരണം നടത്താനും കുട്ടികളെ പ്രാപ്തരാക്കുക
- കലാകായിക പ്രവൃത്തിപരിചയ ശേഷികൾ കരിക്കുലം വിഷയങ്ങളായ സാഹചര്യത്തിൽ.കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കാനാവശ്യമായ സംവിധാനങ്ങൾ,പ്രവർത്തനപദ്ധതികൾ എന്നിവക്ക് രൂപം നൽകുക
- വിദ്യാലയ ക്യാമ്പസാണ് പാഠപുസ്തകം എന്ന ലക്ഷ്യം സാർത്ഥകമാകും വിധം വിദ്യാലയപരിസരത്തെ ജൈവലൈബ്രറിയാക്കി മാറ്റുകയും ജൈവലൈബ്രറി പ്രയോജനപ്പെടുത്തുകയും ചെയ്യുക
- കുട്ടികളുടെ നിലവാരത്തിനും ക്ലാസിനും ഉതകുന്ന തരത്തിൽ എല്ലാ ക്ലാസ് മുറികളെയും ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തുക
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കുന്ന രീതിയിൽ കാര്യക്ഷമമായ അധ്യാപക പരിശീലനം ഉറപ്പു വരുത്തുക.വിദ്യാലയ തല പരിശീലനപരിപാടിക്ക് തുടക്കം കുറിക്കുക
- ഹരിത വിമല വിദ്യാലയത്തിനാവശ്യമായ അനിവാര്യഘടകങ്ങൾ ഉറപ്പാക്കിക്കൊണ്ട് സീറോവേസ്റ്റ് വിദ്യാലയം എന്ന ലക്ഷ്യത്തിലേക്കെത്തുക.ഇതിനായുള്ള പ്രവർത്തനപദ്ധതികൾ അക്കാദമികമാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകപരിഗണന നൽകി പഠനനേട്ടം ഉറപ്പാക്കിക്കൊണ്ട് മുഖ്യധാരയിൽ എത്തിക്കുക.
- പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ,ഗിഫ്റ്റഡ് കുട്ടികൾ,മറ്റ് പരിമിതികളുള്ള കുട്ടികൾ എന്നിവരുടെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഗവേഷണാത്മകമായി പരിഹാരബോധനപ്രവർത്തനങ്ങൾ നടപ്പാക്കുകയും അവരെക്കൂടി പഠനനേട്ടത്തിന്റെ ഉടമകളാക്കിമാറ്റുകയും ചെയ്യുക.
- സ്കൂൾ ലൈബ്രറി, ലബോറട്ടറി,കമ്പ്യൂട്ടർ ലാബ്,ചരിത്രമ്യൂസിയം എന്നിവ ആധുനികവൽക്കരിക്കുകയും ഇതുമായി ബന്ധപ്പെട്ട് നവീനമായ പ്രവർത്തനപദ്ധതികൾ നടപ്പാക്കുകയും ചെയ്യുക
- കോവിഡാനന്തരം, കുട്ടികളുടെ വൈകാരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനപദ്ധതികൾക്ക് രൂപം നൽകുകയും ഇതിനാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ - സ്റ്റേജുകൾ

- പ്രീപ്രൈമറി
- ഒന്ന്,രണ്ട് ക്ലാസുകൾ
- നാലാം ക്ലാസ്

## അക്കാദമിക മാസ്റ്റർ പ്ലാൻ - മേഖലകൾ

- സ്കൂൾ വിഭവങ്ങൾ അഥവാ സ്കൂൾ റിസോഴ്സസ്
- സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്കൂൾ സ്ട്രക്ചേഴ്സ്
- വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ
- അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ



# സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

ലൈബ്രറി
ലാബ്
ഐടി ലാബ്

ജൈവ ലൈബ്രറി
ടാലന്റ് ലാബ്

മ്യൂസിയം
കുട്ടി റേഡിയോ


ലൈബ്രറി
റഫറൻസ് ലൈബ്രറി
ക്ലാസ് ലൈബ്രറി
ഡിജിറ്റൽ ലൈബ്രറി
സമഗ്രവായനാപദ്ധതി
വായനയും സമൂഹവും


ജൈവ ലൈബ്രറി
പൂന്തോട്ടം
ഔഷധസസ്യ പാർക്ക്
ശലഭോദ്യാനം
ജൈവപന്തൽ,ജൈവഗാലറി
ജൈവപച്ചക്കറി കൃഷി


ശാസ്ത്രലാബ്
കമ്പ്യൂട്ടർ ലാബ്
മൾട്ടി മീഡിയ സംവിധാനം
ടാലന്റ് ലാബ്
മ്യൂസിയം
സ്കൂൾ റേഡിയോ സ്റ്റേഷൻ

**സമഗ്ര അക്കാദമികപദ്ധതി** യെ കുറിച്ച് ആലോചിക്കുമ്പോൾ അതിൽ,

- **സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ്**
- **സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ്**
- **വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ**
- **അക്കാദമികനിലവാരത്തിന് അനിവാര്യമായ പിന്തുണാസംവിധാനങ്ങളുടെ ശാക്തീകരണം എന്നീ ഘടകങ്ങൾ ഉണ്ടായിരിക്കണം.**

**സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ്**

കുട്ടികളുടെ പഠനത്തിനായി വിദ്യാലയത്തിൽ ഉണ്ടായിരിക്കേണ്ട അനിവാര്യഘടകങ്ങളാണ് സ്കൂൾ റിസോഴ്സസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ലൈബ്രറി,ക്ലാസ് ലൈബ്രറി,ഡിജിറ്റൽ ലൈബ്രറി,റഫറൻസ് ലൈബ്രറി**

കുട്ടികൾക്കാവശ്യമുള്ള പുസ്തകങ്ങളൊക്കെ ലഭ്യമാക്കിക്കൊണ്ട് സജ്ജീകരിച്ച മികച്ച ലൈബ്രറി,കാറ്റ് ലോഗിങ്,ലൈബ്രേറിയൻ പരിശീലനം,ബൈന്റിങ് പരിശീലനം,അമ്മമാരുടെ നേതൃത്യത്തിൽ വായനാകാർഡ് ശില്പശാലകൾ,പിറന്നാൾ പുസ്തകസ്വരൂപീകരണം,എന്റെ വിദ്യാലയത്തിലേക്ക് എന്റെ പുസ്തകം പദ്ധതി,വായനാപരിപോഷണ പരിപാടികൾ,വായനാക്കൂട്ടങ്ങളുടെ രൂപീകരണം, അമ്മവായനാ പദ്ധതി എന്നിവയക്കെ ലൈബ്രറിയുടെ പദ്ധതികളായി ഉൾപ്പെടുത്തും

**ജൈവലൈബ്രറി**

ചെറിയാക്കര വിദ്യാലയ പരിസരത്ത് നിലവിലുള്ള സസ്യ,ജന്തു വൈവിധ്യത്തെ അന്വേഷണ,നിരീക്ഷണപ്രൊജക്ടിലൂടെ കണ്ടെത്തുകയും പട്ടികപ്പെടുത്തുകയും ചെയ്യുന്നു.വരുന്ന രണ്ട് വർഷം കൊണ്ട് സസ്യ ജന്തു വൈവിധ്യം വർധിപ്പിക്കാനാവശ്യമായ പ്രവർത്തനപദ്ധതികൾക്ക രൂപം നൽകൽ

സസ്യ വൈവിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൂന്തോട്ടം,ഔഷധസസ്യ പാർക്ക്,ശലഭോദ്യാനം,ജൈവപ്പന്തൽ,ജൈവപച്ചക്കറി കൃഷി എന്നിവ ഉറപ്പു വരുത്തൽ,ജന്തുവൈവിധ്യം ഉറപ്പുവരുത്താനാവശ്യമായ ഇടപെടലുകൾ നടത്തൽ

**ശാസ്ത്രലാബ്**

സുസജ്ജമായ ശാസ്ത്രലാബ് ഫലപ്രദമായ വിദ്യാലയത്തിന്റെ ഗുണനിലവാര സൂചികയാണ്.പാഠ്യപദ്ധതിയുടെ ഭാഗമായി നിർദ്ദേശിച്ച മുഴുവൻ പരീക്ഷണങ്ങളും ചെയ്യാനാവശ്യമായ ലാബ് വിദ്യാലയത്തിൽ ആവശ്യമാണ്.

എൽ പി ക്ലാസുകളിലെ ശാസ്ത്രപരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യുകയും അതിനാവശ്യമായ പരീക്ഷണസാമഗ്രികൾ കണ്ടെത്തിൽ ശാസ്ത്രലാബിൽ സൂക്ഷിക്കു

കയും വേണം

**കമ്പ്യൂട്ടർ ലാബ്**

ഐടി പഠനത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ വിദ്യാലയത്തിൽ ലഭ്യമാക്കുക.ബാക്ക്അപ് സംവിധാനം,കമ്പ്യൂട്ടർ ക്ലിനിക്ക് സംവിധാനം എന്നിവ വിദ്യാലയത്തിൽ ഉറപ്പുവരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്.

**കമ്പ്യൂട്ടർ സഹായകപഠനത്തിന് മൾട്ടി മീഡിയ സംവിധാനം**

കമ്പ്യൂട്ടർ എയ്ഡഡ് ലേണിങ്ങ് ആണ് എല്ലാ ക്ലാസ്മുറിയിലും ഉണ്ടാകേണ്ടത്.ഇതിനുതകുന്ന തരത്തിൽ സുസജ്ജമായ മൂന്ന് മൾട്ടിമീഡിയ റൂമുകൾ എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അമ്മമാർക്കുള്ള കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി ലോങ്ങ്ടേമിൽ വിദ്യാലയം ഏറ്റെടുക്കും.

**ടാലന്റ് ലാബ്**

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകി വികസിപ്പിക്കുക എന്നതാണ് ടാലന്റ് ലാബ്പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.ഇതിനായി അധ്യാപകർക്ക് പ്രത്യേകം പരിശീലനം ലഭ്യമാക്കൽ,വിദഗ്ധരായ വ്യക്തികളെ നിയമിക്കൽ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടക്കണം

**കലാ-പ്രവൃത്തി പരിചയം**

- ടാലന്റ് ലാബുകൾ സ്ഥാപിക്കൽ
- ഏൺ ലേൺ യൂണിറ്റുകൾ പ്രവർത്തന ക്ഷമമാക്കൽ (സോപ്പ്,ടൈലറിങ്ങ്)
- കുട്ടികൾക്കുള്ള വിവിധ പരിശീലനങ്ങൾ

**മ്യൂസിയം**

പ്രാദേശികമായി ലഭ്യമായ പുരാവസ്തുക്കൾ ശേഖരിച്ച് വെച്ച് നിരീക്ഷിച്ച് പഠിക്കാനുള്ള അവസരം വിദ്യാലയത്തിൽഒരുക്കുക എന്നതാണ് മ്യൂസിയം,ഗ്യാലറി എന്നിവ കൊണ്ട് ഉദ്ദേശിക്കുന്നത്.

**സ്കൂൾ റേഡിയോ സ്റ്റേഷൻ**

സ്കൂൾ വിഭവത്തിലെ മറ്റൊരു പ്രധാന ഘടകമാണ് വിദ്യാലയ റേഡിയോ സംവിധാനം എന്നത്.കുട്ടികൾ തന്നെ വാർത്തകൾ കണ്ടെത്തി,എഴുതിത്തയ്യാറാക്കി റേഡിയോയിലൂടെ അവതരിപ്പിക്കുന്നതിലൂടെ ഭാഷാശേഷി വർധിക്കുന്നു. കൂടാതെ നല്ലവായന,മറ്റ് വ്യവഹാരരൂപങ്ങളുടെ മാതൃകാ അവതരണം എന്നിവ ഇതിലൂടെ നടത്താവുന്നതാണ്.

# ജൈവ വൈവിധ്യ ഉദ്യാനം

വിദ്യാലയകാമ്പസാണ് പാഠപുസ്തകം എന്ന ആശയത്തിലേക്ക് വളരുംവിധം വിദ്യാലയകാമ്പസിൽ സസ്യജന്തു സ്പീഷീസിന്റെ വൈവിധ്യം ഉറപ്പാക്കുക വിദ്യാലയകാമ്പസിൽ സസ്യജന്തു സ്പീഷീസിന്റെ വൈവിധ്യം ഉറപ്പാക്കുക എന്നത് മികച്ച ആശയമാണ്.കാമ്പസ് തന്നെ കുട്ടികൾക്ക് വിജ്ഞാനം പകരുന്ന പാഠപുസ്കകമായി മാറ്റുന്നതിന് സമഗ്രമായ പദ്ധതിയും സൂക്ഷ്മതല ആസൂത്രണവും അനിവാര്യമാണ്.

**അവസ്ഥാവിശകലനം**

വിദ്യാലയത്തിൽ മനോഹരമായ പൂന്തോട്ടവും ഹരിതാഭമായ അന്തരീക്ഷവും സജ്ജമാക്കിയിട്ടുണ്ട്. ജൈവപ്പന്തൽ,ജൈവഗ്യാലറി,ഔഷധത്തോട്ടം,ജലാശയം എന്നിവ വിദ്യാലയത്തിൽ സജ്ജമാക്കിയിട്ടുണ്ട്.ജൈവവൈവിധ്യ ഉദ്യാനനിർമ്മാണത്തിനായി പ്രത്യകം സ്ഥലം ലഭ്യമല്ല. നിലവിൽ വിദ്യാലയ സ്റ്റേജ് പ്രയോജനപ്പെടുത്തി നെൽകൃഷിയും സ്ഥലം പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷിയും നടത്തുന്നുണ്ട്.ഭാവിയിൽ സ്ഥലം കണ്ടെത്തി ജൈവവൈവിധ്യ ഉദ്യാനം വിപലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

**ഉദ്ദേശ്യം**

നേരനുഭവങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കും വിധം വിദ്യാലയകാമ്പസിനെ ജൈവവൈവിധ്യത്തിന്റെ കലവറയായി മാറ്റുകയും വിവിധവിഷയങ്ങളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനായി വിദ്യാലയകാമ്പസിനെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.

**ലക്ഷ്യങ്ങൾ**

1.വിദ്യാലയകാമ്പസിനെ ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുന്ന പ്രക്രിയയിൽ കുട്ടികൾ പങ്കാളികളാകുന്നതിലൂടെ പരിസ്ഥിതിസ്നേഹവും ഉത്തരവാദിത്തവും ഉറപ്പാക്കാൻ സാധിക്കുക

2.നിലവിൽ വിദ്യാലയകാമ്പസിൽ ഉള്ള സസ്യ ജന്തു വൈവിധ്യത്തിൽ നിന്നും കൃത്യമായ പ്രവർത്തനത്തിലൂടെ സസ്യ ജന്തു സ്പീഷിസിലെ വർധനവ് ഉറപ്പുവരുത്തുക

3.വിദ്യാലയകാമ്പസിനെ ഫലപ്രദമായി പഠനപ്രവർത്തനത്തിന്റെ ഭാഗമായി അറിവ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക

4..വിദ്യാലയകാമ്പസിനെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഫലപ്രദമായി അറിവ് നിർമ്മാണത്തിന് സഹായകമാകും വിധം പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്താൻ അധ്യാപികയെ സജ്ജമാക്കുക

പ്രവർത്തനങ്ങൾ

ജൈവവൈവിധ്യ ഉദ്യാനത്തിനുള്ള സ്ഥലം നിർണയിക്കൽ

ജൈവവൈവിധ്യ ഉദ്യാനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

ജൈവപ്പന്തൽ വൃത്താകൃതിയിൽ ഒരുക്കി വായനാക്കൂടാരമാക്കി മാറ്റൽ

ഔഷധത്തോട്ടം,ജൈവപച്ചക്കറിക്കൃഷി,ശലഭോദ്യാനം എന്നിവ സജ്ജമാക്കൽ

ശലഭപ്പൂന്തോട്ടം തയ്യാറാക്കൽ

ജൈവോദ്യാനത്തിൽ സസ്യവൈവിധ്യം ജന്തുവൈവിധ്യം എന്നിവ സൂചിപ്പി ക്കുന്ന ബോർഡുകൾ സ്ഥാപിക്കൽ

പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

ആവശ്യമായ ഭേദഗതികൾ വരുത്തൽ

| നമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | പ്രതീക്ഷിത ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| | മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | മാർച്ച് | | | |
| | ജൈവഗാലറി നിർമിക്കൽ | ജൂൺ | | | |
| | ജൈവ വായനാക്കൂടാരം | ജൂൺ | | | |
| | ഔഷധത്തോട്ടം, | ജൂൺ | | | |
| | ജൈവപച്ചക്കറിക്കൃഷി | സെപ്ത | | | |
| | ശലഭോദ്യാനം | സെപ്ത | | | |
| | ബോർഡുകൾ സ്ഥാപിക്കൽ | ഒക്ടോബ | | | |

നേരനുഭവങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കും വിധം വിദ്യാലയകാമ്പസിനെ ജൈവവൈവിധ്യത്തിന്റെ കലവറയായി മാറ്റുകയും,പരിപാലിക്കുകയും,നില നിർത്തുകയും ചെയ്യുന്നതോടൊപ്പം വിദ്യാലയകാമ്പസിനെ ഫലപ്രദമായി ഉപ യോഗിക്കുകയും ചെയ്യുന്ന പഠിതാക്കൾ വരുംവർഷങ്ങളിൽ ദൃശ്യമാകും എന്ന് വിദ്യാലയത്തിനുറപ്പുണ്ട്.

## ടാലന്റ് ലാബ്

അറിവിലും കഴിവിലും വ്യത്യസ്തരായ എൻറോൾ ചെയ്ത മുഴുവൻ പഠതാക്കളെയും പരിഗണിക്കുന്നതാകണം വിദ്യാലയത്തിന്റെ പഠനാന്തരീക്ഷം.കുട്ടികളുടെ ബഹുമുഖബുദ്ധിഘടകങ്ങളെ പരിഗണിക്കുന്ന കരിക്കുലവും പഠനപ്രവർത്തനവും ഉറപ്പാക്കുക എന്നതാണ് ടാലന്റ് ലാബ് പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.

**ഉദ്ദേശ്യം** – വ്യത്യസ്തമേഖലകളിൽ കഴിവുള്ള മുഴുവൻ പഠിതാക്കൾക്കും തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കാനാവശ്യമായ പരിശീലനങ്ങൾ ഉറപ്പാക്കുന്നതോടൊപ്പം സുസജ്ജമായ പരിശീലന ഇടം,സംവിധാനം എന്നിവ വിദ്യാലയത്തിൽ ഉറപ്പു വരുത്തുക

**പ്രവർത്തനങ്ങൾ**

- √ കുട്ടികളുടെ കഴിവുകൾ കണ്ടെത്താൻ സർഗ്ഗക്യാമ്പ് സംഘടിപ്പിക്കുന്നു
- √ വ്യത്യസ്ത മേഖലകളിൽ കഴിവുകളുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു
- √ നിശ്ചിത മേഖലകളിൽ കുട്ടികൾക്ക് വിദ്യാലയത്തിൽ വെച്ച് പരിശീലനം സംഘടിപ്പിക്കുന്നു
- √ അവധി ദിവസങ്ങൾ ഉപയോഗപ്പെടുത്തി ടേമുകളിൽ കുട്ടികൾക്കായി സർഗക്യാമ്പുകൾ സംഘടിപ്പിക്കുന്നു
- √ വീട്ടിൽ വെച്ച് രക്ഷിതാക്കളുടെ ഉത്തരവാദിത്തത്തിൽ കുട്ടികൾക്ക് തങ്ങളുടെ മേഖലകളിൽ തുടർ പരിശീലനങ്ങൾ നൽകുന്നു.

സമഗ്രമായ ടാലന്റ് ലാബ് സജ്ജമാക്കുക വഴി കുട്ടികൾക്ക് പുറമെ രക്ഷാകർത്തൃ സമൂഹത്തിനും ഉപോയോഗപ്പെടുമാറ് അതിന്റെ പ്രവർത്തനം ക്രമീകരിക്കാൻ കഴിയും.അങ്ങനെയെങ്കിൽ ടാലന്റ് ലാബിൽ കുട്ടികൾക്ക് പരിശീലനം നൽകാൻ രക്ഷിതാക്കളുടെ സേവനം കൂടി വിദ്യാലയത്തിന് ലഭ്യമാകും.

| നമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | പ്രതീക്ഷിത ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| | സർഗ്ഗക്യാമ്പ് - വിലയിരു.. | ജൂൺ | srg | | |
| | ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | srg | | |
| | പരിശീലനം | സെപ്ത | srg | | |
| | സർഗക്യാമ്പുകൾ | ഒക്ടോബ | srg | | |
| | തുടർ പരിശീലനം | ഡിസമ്പർ | srg | | |
| | | | | | |
| | | | | | |

വിഷൻ ചെയ്ത പ്രകാരം ടാലന്റ് ലാബിന്റെ പ്രവർത്തനം സജീവമാകണമെ
ങ്കിൽ ഓരോ മേഖലയിലെയും റിസോഴ്സ് പേഴ്സൺസിനെ ലഭ്യമാകണം.
സംഗീതം,ഉപകരണസംഗീതം,നിർമ്മാണം,കൈത്തൊഴിലുകൾ എന്നു തുടങ്ങി
കമ്പ്യൂട്ടർ പ്രോഗ്രാമിങ്,മൊബൈൽ ആപ് എന്നിവ വരെ നിർമ്മിക്കാൻ കഴി
വുള്ള കുട്ടികളെയാണ് നാം ടാലന്റ് ലാബിൽ പ്രതീക്ഷിക്കുന്നത്.വ്യത്യസ്ത കഴി
വുള്ള കുട്ടികളെ അവരവരുടെ മേഖലയിൽ പ്രോത്സാഹിപ്പിച്ച് മുന്നോട്ട് നയിക്കു
മ്പോൾ മാത്രമാണ് ശിശുസൗഹൃദ ഫലപ്രദവിദ്യാലയം എന്ന സ്വപ്നം നമുക്ക്
സാക്ഷാത്കരിക്കാൻ സാധിക്കുക.

**സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**



## സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ്

സ്കൂൾ സംഘടനാസംവിധാനങ്ങൾ പഠനത്തിന് അനുപൂരകമായി വിദ്യാലയ ത്തിൽ പ്രവർത്തിക്കുന്നവയാണ്.വിദ്യാലയ അസംബ്ലിമുതൽ വിവിധങ്ങളായ ക്ലബ്ബുപ്രവർത്തനങ്ങൾ വരെ ഇത്തരത്തിൽ പഠനത്തിന് സഹായകമാകുന്ന ഇട ങ്ങളായി മാറണം.

**വിദ്യാലയ അസംബ്ലി**

വിദ്യാലയ അസംബ്ലികൾ കുട്ടികളുടെ ആത്മപ്രകാശനത്തിനുള്ള വേദികളാക ണം.കുട്ടികൾക്ക് വിവിധ വിഷയങ്ങളിലുള്ള പ്രകടനങ്ങൾക്ക് അവസരം നൽകുക എന്നത് ഇവിടെ പ്രധാനമാണ്.ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കാനാണ് വിദ്യാലയം ആലോചിക്കുന്നത്.ഓൾ ആർ ലീഡേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയത്തിലെ പരമാവധി കുട്ടികൾക്ക് അസംബ്ലി നിയന്ത്രിക്കാനുള്ള അവസരം നൽകും.

മാതൃകാ അസംബ്ലികൾ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പരി ശീലനങ്ങൾ സംഘടിപ്പിക്കാനും ആലോചിക്കുന്നു.

**സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്**

വിദ്യാലയപാർലമെന്റ് ശാക്തീകരിക്കുന്നതിലൂടെ കുട്ടികളുടെ പ്രവർത്തന ശേഷിയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ സാധിക്കും.കുട്ടികളുടെ അവ കാശങ്ങൾ ഉത്തരവാദിത്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കുട്ടികൾക്കിടയിൽ ചർച്ച നടത്തി ആശയരൂപീകരണം നടത്തുക എന്നത് നാം ലക്ഷ്യമിടുന്നു .

**വിദ്യാലയക്ലബ്ബുകൾ**

കുട്ടികളുടെ പഠനത്തിന് സഹായകമായ,പഠനനേട്ടങ്ങൾ ഉറപ്പിക്കാനാവശ്യമായ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഏറ്റെടുത്തു നടപ്പാ ക്കാനും വിദ്യാലയക്ലബ്ബുകൾക്ക് സാധിക്കും.വിദ്യാരംഗം കലാസാഹിത്യവേദി,ഇ ക്കോക്ലബ്ബ്,സയൻസ് ക്ലബ്ബ്,ഹെൽത്ത് ക്ലബ്ബ്,വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ്ബുകൾക്കെല്ലാം ഈ ലക്ഷ്യം നേടുന്നതിൽ നിർണായകമായപങ്കുവഹിക്കാ നുണ്ട്.വിദ്യാലയത്തിലെ മുഴുവൻ ക്ലബ്ബുകളുടെയും ചുമതല വഹിക്കുന്ന അധ്യാപകർ,ക്ലബ്കൺവീനർമാരായിട്ടുള്ള കുട്ടികൾ എന്നിവർ ഒന്നിച്ചിരുന്ന് അക്കാദമിക വർഷം ആരംഭത്തിൽ തന്നെ വിദ്യായല കലണ്ടർ രൂപീകരണ പ്രക്രിയയിൽ പങ്കാളികളാകണം.

## അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ

**1.രക്ഷിതാക്കൾക്കുള്ള മൂന്ന് ഘട്ട പരിശീലനം**

രക്ഷാകർത്തൃ പിന്തുണാസംവിധാനം ഫലപ്രദമാക്കുന്നതിനായി രക്ഷിതാക്കൾക്കുള്ള സമഗ്ര പരിശീലനപരിപാടി വിദ്യായത്തിൽ സംഘടിപ്പിക്കും.പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് ഒരു അക്കാദമിക വർഷം മൂന്ന് ഘട്ടങ്ങളിലായുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

**2 രക്ഷിതാക്കൾക്ക് കൈപ്പുസ്തകം**

നല്ല രക്ഷിതാവാകുന്നതെങ്ങനെ? എന്ന വിഷയത്തിൽ ഊന്നിയുള്ള കൈപ്പുസ്തകം വിദ്യാലയത്തിൽ തയ്യാറാക്കാനും ആദ്യഘട്ട രക്ഷാകർത്തൃ പരിശീലനത്തിന്റെ ഭാഗമായി വിതരണം ചെയ്യുവാനുമാണ് തീരുമാനിച്ചിരിക്കുന്നത്.സ്വയം വിലയിരുത്തലിന് സഹായകമാകും വിധം വർക്ക്ഷീറ്റുകൾ ഉൾപ്പെടെ കൈപ്പുസ്തകത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

**3.അച്ഛനാണ് മാതൃക - അച്ഛൻമാർക്കുള്ള പ്രത്യേക പരിശീലന പരിപാടി**

വിദ്യാലയത്തിൽ അച്ഛൻമാർക്കായി പ്രത്യേകം പരിശനം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.പരീശീലന പരിപാടിക്കുള്ള മൊഡ്യൂൾ വിദ്യാലയ കോർ ടീം തയ്യാറാക്കും.കുടുംബനാഥൻ എന്നനിലയിൽ ശിശുസൗഹൃദ പഠനാന്തരീക്ഷം വീട്ടിൽ ഉറപ്പുവരുത്താൻ മുന്നിൽ നിന്ന് പ്രവർത്തിക്കേണ്ട രക്ഷിതാക്കളെ അത്തരത്തിൽ ചിന്തിപ്പിക്കുക,പ്രവർത്തനനിരതരാക്കുക എന്നത് ലക്ഷ്യമിടുന്നു.പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

**4.പോഷകാഹാര നിർമാണം - അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം**

പോഷകാഹാരത്തിന്റ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്താനാവശ്യമായ പരിശീലനക്ലാസുകൾ സംഘടിപ്പിക്കുക.പോഷകാഹാര നിർമ്മാണരീതി പരിചയപ്പെടുത്താനായി വിദ്യാലയത്തിൽ പാചകപരിശീലനം സംഘടിപ്പിക്കുക എന്നതൊക്കെ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യമുള്ള ശരീരത്തിലലേ ആരോഗ്യമുള്ള മനസ്സുണ്ടാവുകയുള്ളൂ എന്നത് അർത്ഥവത്തായ വാക്യമാണ്.സമഗ്ര ആരോഗ്യ കായികപരിപാടിയിൽ കായിക പരിശീലനവും പോഷാകാഹാര പദ്ധതിയുംെ ഉൾപ്പെടും.വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും കായികശേഷി ഉറപ്പു വരുത്തുക എന്നതാണ് സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്.

വിവിധ കായിക ഇനങ്ങളിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും തെരഞ്ഞെടുത്ത് ചിട്ടയായ പരിശീലനം നൽകി ഭാവിയിലെ കായിക താരങ്ങളായി വാർത്തെടുക്കാനും കായികമേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ അവരെ പ്രാപതരാക്കാനും സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസപദ്ധതി വിദ്യാലയത്തിന് അത്യാവശ്യമാണ്.

**ഉദ്ദേശ്യങ്ങൾ**

ലിംഗഭേദമന്യേ വിദ്യാലയത്തിൽ എന്റോൾ ചെയ്ത മുഴുവൻ പഠിതാക്കളെയും ആരോഗ്യ കായികശേഷിയുള്ളവരാക്കി മാറ്റുകയും ആത്മവിശ്വാസത്തോടെ പഠനത്തിലും സമൂഹത്തിലും ഇടപെടാൻ പ്രാപ്തരാക്കുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

√ തെരഞ്ഞെടുത്ത കുട്ടികൾക്ക് വിവിധ മേഖലകളിൽ പ്രഭാത,സായാഹ്ന കായിക പരിശീലനങ്ങൾ (റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്ബ് സഹകരണത്തോടെ)

√ നിത്യേനെ നൽകാവുന്ന കായിക പരിശീലനം സൂക്ഷ്മ തലത്തിൽ ആസൂത്രണം ചെയ്ത കായികപരിശീലന പദ്ധതികൾ അവതരിപ്പിക്കൽ

√ ഉപജില്ല,ജില്ലാ കായിക മേളകൾക്കായി ചിട്ടയായ പരിശീന പദ്ധതികൾ

√ നീന്തൽ,സൈക്കിൾ,യോഗ തുടങ്ങിയ ഇനങ്ങളിൽ വിദ്യാലയത്തിലെ കുട്ടികൾക്ക് പരിശീലനം നൽകൽ

√ വിദ്യാലയത്തിൽ സമഗ്ര പോഷകാഹാര വികരണപദ്ധതി നടപ്പിലാക്കുക.വിഷരഹിത പച്ചക്കറി സ്കൂളിൽ തന്നെ വിളയിച്ചെടുക്കുക

√ അമ്മമാർക്ക് ന്യൂട്രീഷ്യൻ ക്ലാസ് സംഘടിപ്പിക്കുക.പോഷകാഹാരം തയ്യാറാക്കുന്നതിൽ പ്രായോഗിക പരിശീലനം സംഘടിപ്പിക്കുക

√ മദേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിഭവസമൃദ്ധമായ ഉച്ചഭക്ഷണപരിപാടി ഏറ്റെടുക്കുന്നു.വിഷരഹിത ജൈവ പച്ചക്കറിക്കൃഷി നടത്തി ഉച്ചഭക്ഷണത്തിനായി ഉറപ്പാക്കുന്നു.

√ രാവിലെ പ്രാതൽ കഴിക്കാത്ത കുട്ടികൾക്കും ആഹാരം ആവശ്യമുള്ളവർക്കും

പിടിഎ യുടെ നേതൃത്വത്തിൽ പ്രഭാത ഭക്ഷണപരിപാടി ആരംഭിക്കൽ

√ കുട്ടികൾക്ക് മാസ്ഡ്രിൽ,എയ്റോബിക്സ് പരിശീലനം

√ സൈക്കിൾ പരിശീലനം നീന്തൽ പരിശീലനം എന്നിവ സംഘടിപ്പിക്കൽ

√ കുട്ടികൾക്കായി വ്യത്യസ്ത മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഹെൽത്ത്കാർഡ് വിതരണം ചെയ്യൽ

√ കുട്ടികൾക്ക് ആവശ്യമായ സഹായക ഉപകരണങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.(നിലവിൽ സിദ്ധാർത്ഥിന്)

സമഗ്രമായ കായിക പരിശീലനത്തിലൂടെ കുട്ടികളുടെ കായികശേഷിയും വിവിധ മേഖലകളിലെ വികാസവും ഉറപ്പുവരുത്തി മുന്നോട്ട്പോകാൻ വിദ്യാലയത്തിന് സാധിക്കും എന്നതിൽ തർക്കമില്ല.



## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

തങ്ങളുടേതല്ലാത്ത കാരണത്താൽ മറ്റു കുട്ടികളെപ്പോലെ പഠിക്കാനും വളരാനും സാധിക്കാത്ത ഒട്ടേറെ കുട്ടികൾ നമുക്കിടയിലുണ്ട്.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഈ കുട്ടികളുടെ സന്തോഷവും പഠനവും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ചെറിയാക്കര പ്രദേശത്തെ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.വിദ്യാലയത്തിന് സമീപത്തുള്ള ബഡ്സ് സ്കൂളിൽ ഫലപ്രദമായി ഇടപെടാനും നാം ശ്രദ്ധിച്ചു പോകുന്നുണ്ട്. സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാലയ സമൂഹത്തിൽ മറ്റു കുട്ടികൾക്കൊപ്പം ഇടപെടുമ്പോൾ ഇവരിൽ സാമൂഹിക വികാസം സാധ്യമാകുന്നുണ്ട്. എന്നിരുന്നാലും ഇവർക്കായി വരുംവർഷങ്ങളിൽ പഠനവും,വളർച്ചയും സന്തോഷവും മുന്നിൽ കണ്ട് സമഗ്ര അക്കാദമിക പരിപാടികൾ വിദ്യാലയം ഏറ്റെടുക്കേണ്ടതുണ്ട്.


**ഉദ്ദേശ്യം**

വിദ്യാലയത്തിൽ എന്റോൾ ചെയ്ത വെല്ലുവിളികൾ നേരിടുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക

**ലക്ഷ്യങ്ങൾ**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനം എന്നത് വിദ്യാലയം വലിയ ഊന്നൽ നൽകി ഏറ്റെടുക്കണം.ശാരീരിക വെല്ലുവിളി കാരണം കിടപ്പിലായിപ്പോ. കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തനും ഇവർക്കായി സമൂഹശ്രദ്ധ ക്ഷണിക്കാനും വിദ്യാലയം മുന്നിൽ നിന്ന് പ്രവർത്തിക്കണം.

നിലവിൽ വിദ്യാലയത്തിലെ സിദ്ധാർത്ഥ് എന്ന ഭിന്നശേഷി കുട്ടിക്ക് തെറാപ്പി അടക്കമുള്ള പിന്തുണ അനിവാര്യമാണ്. ഇതിനുള്ള ക്രമീകരണം ആലോചിക്കുന്നതൊടൊപ്പം വരും വർഷങ്ങളിൽ ഇങ്ങനെ എല്ലാ പഠിതാക്കളെയും പരിഗണിക്കുമ്പോഴാണ് നമ്മുടെ വിദ്യാലയം ശിശുസൗഹൃദ വിദ്യാലയമായി മാറുക.



## English Enrichment Programmes in school

It is a common anxiety of some of our parents that students of Malayalam medium classes do not get enough expossure to English language so that their performance in English is very poor. However as we go for a comprehensive academic master plan , we have also gone through the academic achievements of our students. From the study, it is inferred that a good number of students consider English comparatively difficult for higher grades and a considerable number of students fail in the exam,irrespective of their medium . Additionally,taking in to account the valuable suggestion of our parents in the parent – orientation classes , we have decided to enrich english education through various activities that would provide our learners maximum learning experience. Hence focus is to be laid on the four major areas of language acquisition.

**Aim**

**Ensure second language acquisition by providing effecctive language atmosphere**

**objectives**

* *Develop an English friendly atmosphere in campus*
* *Provide maximum learning experience to promote the basic skills – listening, speaking, reading and writing*
* *Make students confident enough to take part in language activities and programmes at all stages*
* *Ensure easy and effective communication at all stages*

# വായനാവസന്തത്തിലെ കുഞ്ഞെഴുത്തുകാർ

**ആമുഖം**

അടിസ്ഥാനഭാഷാശേഷിയായ വായന, ഭാഷാവിഷയങ്ങൾക്ക് മാത്രമല്ല എല്ലാ വിഷയത്തിനും വായന വളരെ പ്രധാനപ്പെട്ടതാണ്. കുട്ടികൾ അവരുടെ നിലവാരത്തിന് യോജിച്ച, അവർക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതിനും അവ വായിച്ച് വായനാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്ന ഇടങ്ങളായി വിദ്യാലയം മാറുന്നു.

**ഉദ്ദേശ്യങ്ങൾ**

1. കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുകയും വായിച്ച് വിവരങ്ങൾ ഉൾക്കൊള്ളാനും ഒളിഞ്ഞിരിക്കുന്ന ആശയങ്ങൾ കണ്ടെത്തുന്നതിനും സാധിക്കുന്നു.
2. ഓരോ ക്ലാസിലെയും വ്യത്യസ്ത വിഷയങ്ങളിൽ യോജിച്ച പുസ്തകങ്ങൾ വായിക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ചെയ്യുന്നു.
3. വായിച്ച പുസ്തകങ്ങളെ വിലയിരുത്തുകയും അവർ വിമർശനാത്മകമായി സമീപിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.
4. ആശയഗ്രഹണ വായന, സ്വതന്ത്രവായന തുടങ്ങിയവ പൂർണ്ണ അർത്ഥത്താൽ സ്വായത്തമാക്കുന്നു.
5. നിരന്തരവായന കുട്ടിയെ സർഗ്ഗാത്മക രചനയിലേക്ക് നയിക്കുന്നതിന് പര്യാപ്തമാക്കുന്നു.
6. സ്വതന്ത്രവായനയുടെ ഇടമായി ലൈബ്രറികൾ മാറുന്നു.

**ലക്ഷ്യങ്ങൾ**

- മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്ക് സജ്ജരാക്കുന്നു.
- ഓരോ ക്ലാസിനും അതത് ക്ലാസിന് അനുയോജ്യമായ നിലവാരത്തിലുള്ള ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.
- സ്കൂൾ ലൈബ്രറി കുട്ടികൾക്ക് താല്പര്യമുളവാക്കുന്ന രീതിയിൽ ശാസ്ത്രീയമായി സജ്ജീകരിക്കുന്നു.
- സ്കൂൾ ലൈബ്രറിയിൽ വിഷയാടിസ്ഥാനത്തിൽ പുസ്തകം സജ്ജീകരിക്കുന്നു.
- റഫറൻസ്, ഇ.ലൈബ്രറി , സമഗ്ര ഗ്രന്ഥസോഫ്ട് ഇൻസ്റ്റാലേഷൻ എന്നിവ സജ്ജീകരിക്കുന്നു.

- ❖ ഓരോ ക്ലാസിന്റെയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായി പ്രത്യേകമായി പുസ്തകങ്ങൾ സജ്ജീകരിക്കുന്നു.
- ❖ വിദ്യാർത്ഥികൾക്കായി ബുക്ക് ബൈൻഡിംഗ് പരിശീലനം സംഘടിപ്പിച്ച് ബൈൻഡിങ്ങിൽ പ്രാവീണ്യം നേടുന്നു.
- ❖ ഒരു ലൈബ്രേറിയന്റെ ചുമതലകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ അറിയുന്നതിനായി ലൈബ്രേറിയൻ കോഴ്സ് സംഘടിപ്പിക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നതിനായി നിരന്തരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. പ്രാദേശികമായി കുട്ടികളിൽ നിന്ന്, രക്ഷിതാക്കളിൽ നിന്ന് - ഇങ്ങനെ ദിനംതോറും വളരുന്ന സ്കൂൾ ലൈബ്രറി സാധ്യമാക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എടുക്കുന്നതിനായി മെമ്പർഷിപ്പ് കാർഡ് (പുസ്തകങ്ങൾ എടുക്കുന്ന വിവരം) ഏർപ്പെടുത്തുന്നു.
- ❖ ഓരോ വർഷത്തെയും മികച്ച വായനക്കാരി, വായനക്കാരൻ എന്നിങ്ങനെ കണ്ടെത്തി അനുമോദിക്കുന്നു.
- ❖ ഓരോ വിദ്യാർത്ഥിയുടെയും അവരുടെ വീടുകളിൽ യോജിച്ച തരത്തിലുള്ള ഹോംലൈബ്രറി സജ്ജീകരിക്കുന്നു.
- ❖ ക്ലാസ് ലൈബ്രേറിയനായി ഓരോരുത്തരും പ്രവർത്തിക്കുകയും ചുമതലകൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

### സുസജ്ജമായ സ്കൂൾ ലൈബ്രറി

വിഷയം, ഭാഷ, വിഭാഗം അടിസ്ഥാനത്തിൽ ക്രമീകരിച്ച വിശാലമായ സ്കൂൾ ലൈബ്രറിയാൽ വിദ്യാർത്ഥികൾക്ക് സ്വന്തം പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നു. വിപുലമായ ഇ.ലൈബ്രറി, റഫറൻസ് വിഭാഗം, സമഗ്രഗ്രന്ഥ സോഫ്റ്റ്, പ്രാദേശിക പുസ്തകങ്ങൾ തുടങ്ങിയവയും സജ്ജീകരിക്കുന്നു.

### ഫലപ്രദമായ ക്ലാസ്ലൈബ്രറി

ക്ലാസ്മുറികളിലെ പാഠഭാഗത്തിന് യോജിച്ച പുസ്തകങ്ങൾ ക്രമീകരിച്ച ക്ലാസ് ലൈബ്രറി സംവിധാനം ഒരുക്കുന്നു.പുസ്തകവിതരണവും,സൂക്ഷിപ്പും കുട്ടികളുടെ ചുമതലയായി നിർണയിക്കുന്നു.

- **ക്ലാസ്റൂം വായന**

  ഓരോ കുട്ടിയും ശ്രാവ്യവായനയും ആശയഗ്രഹണവായനയും പൂർണ്ണതലത്തിൽ സ്വായത്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

- **വായനാ ക്യാമ്പ്**

  കുട്ടികൾക്കായി വായനാക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിൽ സർഗ്ഗാത്മക രചന, മുഖാമുഖം, വായനാക്കുറിപ്പ്, അവതരണം എന്നിങ്ങനെ പരിപാടികൾ സംഘടിപ്പിക്കുന്നു.

- **അമ്മ വായന**

  കുട്ടികളുടെ അമ്മമാർക്കായി പുസ്തകങ്ങൾ നൽകുന്നു. രക്ഷിതാക്കളും സ്കൂളും തമ്മിൽ സൗഹൃദപരമായ അന്തരീക്ഷം ഇതിലൂടെ സാധ്യമാകുന്നു.

- **വായനാ കാർഡ് നിർമ്മാണം**

  പുസ്തകങ്ങൾ അടിസ്ഥാനമാക്കി കാർഡുകൾ നിർമ്മിക്കുന്നു. ഇത് ശില്പശാ ലകൾ സംഘടിപ്പിക്കുന്നതിലൂടെ സാധ്യമാകുന്നു. കൂടാതെ എൻട്രികാർഡ് എന്ന രീതിയിൽ വായനക്ക് താൽപ്പര്യമുളവാക്കുന്ന രീതിയിലുള്ള കാർഡുകളും നിർമ്മി ക്കുന്നു.

- **ഡിജിറ്റൽ വായനാചാർട്ട് തയ്യാറാക്കൽ**

  കുട്ടികൾ വായിക്കുന്ന പുസ്തകങ്ങൾ രക്ഷിതാക്കൾ എക്സൽ പേജിൽ അപ് ലോഡ് ചെയ്യുന്നു.അധ്യാപകർ ട്രാക്ക് ചെയ്യുന്നു.

**സ്കൂൾ ആകാശവാണി**

സ്കൂളിൽ ആകാശവാണിയിലൂടെ വായനയുടെ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുന്നു. വായനാക്കുറിപ്പുകളുടെ അവതരണം - ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് - കവികളുടെ/കഥാകൃത്തുക്കളുടെ ലഘുവിവരണം എന്നിവ പഠന ഇടവേളകളിൽ കുട്ടികൾക്ക് താല്പര്യമുളവാക്കുന്ന രീതിയിൽ പ്രക്ഷേപണം ചെയ്യുന്നു.

**വിദ്യാരംഗം കലാസാഹിത്യവേദി**

വേദിയിൽ അംഗങ്ങൾ ആയിട്ടുള്ള കുട്ടികൾക്കായി വൈവിധ്യമുള്ള വായനാപ രിപാടികൾ സംഘടിപ്പിക്കുന്നു. അതോടൊപ്പം പ്രൈമറി ക്ലാസുകളിലെ ബാലസഭ

പ്രതിവാര പരിപാടികളിൽ വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**വായനാദിനം**

വായനാദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ വായനാവാരാചരണം, സാഹിത്യകാരന്മാരുടെ അനുഭവങ്ങൾ പങ്കുവെക്കൽ, കവികളുമായി മുഖാമുഖം, ലൈബ്രറി നോട്ട് എഴുത്ത് മത്സരം, വായനാക്വിസ് എന്നിവ സംഘടിപ്പിക്കുന്നു.

**ക്ലാസുതല പതിപ്പുകൾ**

വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കിയും സ്വതന്ത്രമായും രചനകൾ രൂപപ്പെടുന്നു. അവ മെച്ചപ്പെടുത്തി പതിപ്പുകളായി മാറ്റുന്നു. മികച്ചവ സ്കൂൾ ലൈബ്രറിയിലെ വായനാഹാളിലേക്ക് എത്തിക്കുന്നു. വർഷാവസാനം പതിപ്പുകളുടെ പ്രദർശനം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

**അഭിമുഖം**

പാഠപുസ്തകങ്ങളിലെ കഥ/കവിതയുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സാഹിത്യകാരന്മാരുമായി അവരുടെ രചന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനായി അഭിമുഖം സംഘടിപ്പിക്കുന്നു.

**പ്രാദേശിക ലൈബ്രറികളിലെ പങ്കാളിത്തം**

കുട്ടികൾ അവരുടെ വീടിനടുത്തുള്ള ലൈബ്രറിയുമായി ബന്ധപ്പെടുകയും അതിന്റെ വികസനത്തിന് അവർക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഇതിലൂടെ കുട്ടികളിൽ സാമൂഹ്യബോധം ഉണ്ടാക്കുന്നതിന് സാധ്യമാകുന്നു.

**സുസജ്ജമായ റീഡിംഗ് റൂം**

സ്കൂളിലെ ലൈബ്രറിയോട് അനുബന്ധിച്ച് വിശാലമായ വായനാമുറി സജ്ജീകരിക്കുന്നു. പഠന ഇടവേളകളിലും വിശ്രമസമയങ്ങളിലും ആനുകാലികങ്ങൾ, ദിനപത്രങ്ങൾ, ബാലമാസികകൾ, കുട്ടികളുടെ പത്രം, കൈയ്യെഴുത്തു മാസിക, മറ്റ് ഭാഷാദിപത്രങ്ങൾ എന്നിവ വായനക്കായി ലഭ്യമാക്കുന്നു.

**വായനാപന്തൽ**

വിദ്യാലയ ക്യാമ്പസിൽ പ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള ജൈവ - വായനാപന്തൽ സജ്ജീകരിക്കുന്നു. വാതിലുകളും ജനാലകളുമില്ലാത്ത എപ്പോഴും കടന്നു ചെല്ലാവുന്ന വായനാ ഇടമായി വായനാ പന്തൽ മാറുന്നു.

**ആനുകാലികങ്ങൾ പ്രദർശിപ്പിക്കുന്നു**

ആനുകാലികങ്ങൾ, ദിനപത്രങ്ങൾ, ബാലമാസികകൾ എന്നിവ കുട്ടികൾ കാണത്തക്ക രീതിയിൽ ഭംഗിയായി പ്രദർശിപ്പിക്കുന്നു. വായിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

**സ്പോൺസർ വഴി പുസ്തകശേഖരണം**

കുട്ടികളുടെ ക്ലാസ് നിലവാരത്തിനനുസരിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കുന്നു. ആ ലിസ്റ്റിൽ നിന്ന് രക്ഷിതാക്കൾ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സ്പോൺസർ ചെയ്യുന്നു.

**എല്ലാ ക്ലാസുകളിലും ദിനപത്രങ്ങൾ**

വിദ്യാലയത്തിലെ എല്ലാ ക്ലാസ്മുറികളിലും രണ്ട് മുഖ്യധാരാ മലയാളദിനപത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുന്നു.ഇംഗ്ലീഷ് പത്രങ്ങൾ പരിചയപ്പെടുത്താനുള്ള സംവിധാനവും ഉറപ്പുവരുത്തുന്നു.

**ബുള്ളറ്റിൻ ബോർഡ്**

ലൈബ്രറി, റീഡിംഗ് റൂം എന്നിവക്ക് മുന്നിലായി ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു. കുട്ടികളുടെ മികച്ച സൃഷ്ടികൾ, വാർത്തകൾ, അറിയിപ്പുകൾ ഇവ അതിൽ പതിക്കുന്നു.

**വീട്ടിലൊരു ലൈബ്രറി**

ഓരോ കുട്ടിയുടെയും വീട്ടിൽ ലഭ്യമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ലൈബ്രറി സജ്ജീകരിക്കുന്നു. ലൈബ്രറി സന്ദർശനത്തിനായി അധ്യാപകരടങ്ങിയ സംഘം മാസത്തിലൊരിക്കൽ വീടുകളിലെത്തുന്നു.

**പുസ്തക ശേഖരണം - പിറന്നാളിനൊരു പുസ്തകം പിറന്നാളിനൊരു പൂച്ചട്ടി**

ഓരോ കുട്ടിയുടെയും പിറന്നാൾ ദിനത്തിൽ സ്കൂൾ/ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്യുന്നു. കൂടെ വിദ്യാലയത്തിലെ ഉദ്യാനത്തിലേക്ക് പൂച്ചട്ടിയും.

**പുസ്തകങ്ങളുടെ ക്ലാസ് അടിസ്ഥാനത്തിലുള്ള പട്ടിക**

ഓരോ ക്ലാസ്സിന്റെയും പാഠഭാഗത്തോട് അനുബന്ധിച്ച് ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക രൂപീകരിക്കുന്നു. ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഇതിൽ നിന്നുമാണ് - പിറന്നാളിനൊരു പുസ്തകം - എന്ന പരിപാടിയുടെ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് എത്തേണ്ടത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാംതരം

**ആമുഖം**

വായന കുട്ടികളുടെ വ്യക്തിത്വ വികാസവളർച്ചക്ക് ഒരുപാട് സഹായകരമാണ്. നല്ല വായന കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഗുണപരമായ പങ്കുവഹിക്കുന്നുവെന്നകാര്യത്തിൽതർക്കമില്ല.ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും നല്ലവായനക്കാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് വായനാച്ചെപ്പ് എന്ന പദ്ധതി നടപ്പിലാക്കുന്നത്. ജൂൺ മാസം ആരംഭിച്ച് ഫിബ്രവരി മാസം സമാപിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളിൽ വിദ്യാലയം ,രക്ഷിതാവ്, സമൂഹം എന്നിവയുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രമിച്ചിട്ടുണ്ട്.ഒന്നാം ക്ലാസ് കഴിയുന്നതോടെ കുട്ടിയെ വായനയുടെ ലോകത്തേക്ക് എത്തിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളും ലഘു ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കുവെക്കാൻ കഴിവു നേടുന്നു
2. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളുടെ വീടുകളിലും ഹോം ലൈബ്രറി തയ്യാറാക്കുന്നു.
3. കുട്ടികളുടെ വായന നിലവാരം മനസിലാക്കുന്ന രീതിയിൽ ഓരോ കുട്ടിയുടെയും ഓഡിയോ പോർട്ട് ഫോളിയോ തയ്യാറാക്കുക.
4. കുട്ടികളുടെ വായനയുടെ ഡിജിറ്റൽ രേഖ പ്രകാശനം ചെയ്തു കൊണ്ട് ലക്ഷ്യപ്രഖ്യാപനം നടത്തുന്നു.

**പ്രവർത്തനങ്ങൾ**

**1) പദ്ധതി വിശദീകരണം**

പ്രവേശനോത്സവദിനം ഒന്നാം തരം സി പി ടി എ വിളിച്ചുചേർത്ത് പദ്ധതി വിശദീകരിക്കുന്നു.സി പി ടി എ കൺവീനറെ തെരഞ്ഞെടുക്കുന്നു. വിദ്യാലയത്തിന്റെ ഒന്നാം ക്ലാസിലേക്കുള്ള വായനയുടെ സമഗ്ര പദ്ധതി പരിചയപ്പെടുത്തുന്നു.(വായനാവസന്തത്തിലെ കുഞ്ഞെഴുത്തുകാർ)

**2) പ്രവർത്തനോദ്ഘാടനം**

ജൂൺ 19 വായനാദിനത്തിൽ വിദ്യാലയത്തിൽ വായനാകാർഡിന്റെ പ്രകാശനവും വീടുകളിൽ ഗൃഹലൈബ്രറിക്ക് തുടക്കം കുറിക്കുതയും ചെയ്യുന്നു.

**3) ഓരോ പാഠത്തിലും പതിപ്പുകളും വായനാകാർഡുകളും**

പാഠഭാഗങ്ങളിൽ കുട്ടികൾ നിർമിക്കുന്ന പദങ്ങളും വാക്യങ്ങളും ചേർന്ന് മിനി വായനക്കാർഡുകൾ തയ്യാറാക്കുന്നു. ഡി ടി പി ചെയ്ത് ലാമിനേറ്റ് ചെയ്ത് നൽകുന്നു. ഓരോ പാഠത്തിലെയും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ചുരിങ്ങിയത് ഒരെണ്ണമെങ്കിലും പതിപ്പുകൾ തയ്യാറാക്കുന്നു.

**4) സ്റ്റാറ്റസ് ഡേ ആചരണം**

വായനാവസന്തം പരിപാടിയുടെ ഭാഗമായി നടത്തുന്ന പ്രധാന പരിപാടിയുടെ തൊട്ടുമുമ്പുള്ള ദിവസം സ്റ്റാറ്റസ് ഡേ .ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കി രക്ഷിതാക്കളും അധ്യാ

പകരും സ്റ്റസ് ഇടുന്നു.

5) വായനദിനാഘോഷം

ക്ലാസ് തല ലൈബ്രറി ഉദ്ഘാടനം ക്ലാസ് തലത്തിലെ ആദ്യപതിപ്പ് പ്രകാശനം

6) ഹോം ലൈബ്രറി ഉദ്ഘാടനം

1)എല്ലാകുട്ടികളുടെയും വീട്ടിലും ഹോം ലൈബ്രറി ഉദ്ഘാടനം ആഗസ്ത് 1 ന്
2) എല്ലാ കുട്ടികളുടെ വീടുകളിലും ടീച്ചർ/ പിടി എ പ്രതിനിധി പ്രാതിനിധ്യം ഉറപ്പാക്കണം.
3) ജന പ്രതിനിധികൾ , പ്രമുഖ വ്യക്തികളുടെ പങ്കാളിത്തം
4)ഫോട്ടോ ഡോക്യുമെന്റേഷൻ പങ്കുവെക്കൽ

7) ഹോം ലൈബ്രറി വിപുലീകരണം

പ്രവർത്തനങ്ങളുടെ പ്രചരണത്തിനും ലൈബ്രറി വിപുലീകരണത്തിനും അനിവാര്യമായ കാമ്പയിൻ പ്രവർത്തനം സംഘടിപ്പിക്കുന്നു

8) വായനാഡയറി പ്രകാശനം

1)കുട്ടിവായിച്ചതും രക്ഷിതാക്കൾ വായിച്ചതും രേഖപ്പെടുത്തുന്നതിന് വായനാചാർട്ട് തയ്യാറാക്കുന്നു
ഡിജിറ്റൽ വായനാചാർട്ട് ലിങ്ക് രക്ഷിതാക്കളുമായി പങ്കുവെയ്ക്കുന്നു.
2) രക്ഷിതാവിന് വായനരേഖപ്പെടുത്തൽ പരിചയപ്പെടുത്തുന്നു

9) വീട്ടുവായന

1) രക്ഷിതാവും കുട്ടിയും ചേർന്ന് വായിക്കുന്ന ഫോട്ടോ വീഡിയോ,ക്ലാസ് ഗ്രൂപ്പിൽ പങ്കുവെക്കൽ.
2) കുട്ടിയുടെ വായനയുടെ ഓഡിയോ റിക്കോർഡ് ചെയ്ത് ടീച്ചർക്ക് അയക്കുക .ഡിജിറ്റൽ ആൽബത്തിലേക്ക്
3) ഓരോ കുട്ടിയുടെയും വായനാഓഡിയോ കമ്പ്യൂട്ടറിൽ കുട്ടികളുടെ പേരിലുള്ള ഫോൾഡറിൽ തീയ്യതി വെച്ച് ഡിജിറ്റൽ ഫോർട്ട് പോളിയോ ആയി സൂക്ഷിക്കുക.ക്യൂ.ആർ കോഡ് തയ്യാറാക്കുന്നു
4) കുട്ടികളുടെ വായന വിലയിരുത്തലിന് വിധേയമാക്കി സഹായപ്രവർത്തനങ്ങൾ ആവശ്യമുള്ളവർക്ക് ആസൂത്രണം ചെയ്ത് പ്രവർത്തനങ്ങൾ നൽകുന്നു.

10) സ്കൂൾ തല ബാലപുസ്തക പ്രദർശനം (നവംബർ-14)

സ്കൂളിലെ ലൈബ്രറിയിലുള്ള പുസ്തകങ്ങളിൽ ഒന്നാം തരം കുട്ടികൾക്ക് വായിക്കാൻസാധിക്കുന്ന പുസ്തകങ്ങൾ എടുത്ത് പ്രദർശിപ്പിക്കുന്നു,ഓരോ കുട്ടിയും താത്പര്യമുള്ള പുസ്തകങ്ങൾപേപ്പറിൽ പേര് നോക്കി എഴുതി (20 എണ്ണം) ടീച്ചർക്ക് നല്ഡകുന്നു.ആഴ്ചയിൽ ഒരു പുസ്തകം വീതം കുട്ടിക്ക് വായിക്കാൻ നൽകുന്നു. വായനാ കുറിപ്പ് മാതൃക സി പി ടി എ യോഗത്തിൽ നൽകുന്നു.തുടർന്നുള്ള വായന ഡയറിൽ രേഖപ്പെടുത്തുക.

11) വായനാപുസ്തക നിർമാണ ശില്പശാല

എല്ലാരക്ഷിതാക്കളും ബാലമാസികകൾ ഉപയോഗിച്ച് ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുന്നതിന് വായനാ പുസ്തകങ്ങൾ നിർമിക്കുന്നു.തുടർന്ന് വീട്ടുലൈബ്രറിയിൽ വായനാ പുസ്തകങ്ങൾ നിർമിച്ച് വെക്കുന്നു

12) കഥാ ശില്പശാല

ക്രിസ്മസ് അവധിക്കാലത്ത് ഏകദിനശില്പശാല .രക്ഷിതാവും കുട്ടിയും പങ്കെടുക്കും

13) രക്ഷിതാക്കളുടെ കഥാവായനാമത്സരം

രക്ഷിതാക്കൾ കഥ വായിച്ച് ഓഡിയോ അയക്കുന്നു ഏറ്റവും മികച്ച 3 വായനകൾക്ക് സമ്മാനം നൽകുന്നു

14) ലക്ഷ്യ പ്രഖ്യാപനം

ഫെബ്രുവരി മാസം പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം നേടിയതായി പ്രഖ്യാപിക്കുന്നു. പൊതുചടങ്ങ് ക്ലാസ്തലത്തിൽ തയ്യാറാക്കിയ പതിപ്പുകളുടെ പ്രദർശനം . 2-3 കുട്ടികൾ കഥ അവതരിപ്പിക്കൽ,ഡിജിറ്റൽ ഫോർട്ട് ഫോളിയോ പ്രകാശനം

പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ | സ്റ്റാറ്റസ് ഡേ |
|---|---|---|
| മെയ് | സി പി ടി എ യോഗം പദ്ധതി വിശദീകരണം, കൺവീനറെ തെരഞ്ഞെടുക്കൽ | മെയ്31 ഉദ്ഘാടനം |
| ജൂൺ | പ്രവേശനോൽസവം<br>സമ്പാദ്യകുടുക്ക വിതരണം ചെയ്ത് പദ്ധതി ഉദ്ഘാടനം<br>ക്ലാസ് തല ആദ്യ പതിപ്പ്<br>18 -ക്ലാസ് ലൈബ്രറി ഉദ്ഘാടനം | ജൂൺ 18 ക്ലാസ് ലൈബ്രറി ഉദ്ഘാടനം |
| ജൂലൈ | സമ്പാദ്യ കുടുക്ക പൊട്ടിക്കൽ<br>കുട്ടികളുടെ വീടുകളിലും ലൈബ്രറി ഉദ്ഘാടനം<br>ക്ലാസ് തല പതിപ്പുകൾ ,മിനി വായനാ കാർഡുകൾ | ജൂലൈ 20 ന് ഹോം ലൈബ്രറി ഉദ്ഘാടനം |
| ആഗസ്റ്റ് | വായനാഡയറി പ്രകാകനം<br>ക്ലാസ് കല പതിപ്പുകൾ<br>വായനഓഡിയോകൾ പങ്കുവെക്കൽ<br>പോസ്റ്റ് കാർഡ് സന്ദേശം അയക്കൽ | |

| | | |
|---|---|---|
| സപ്തംബർ | വായനാകാർഡ് നിർമാണ ശില്പശാല<br>ക്ലാസ് തല പതിപ്പുകൾ<br>ഓഡിയോ പങ്കുവെക്കൽ<br>ശില്പശാല | |
| നവംബർ | സ്കൂൾ തല ബാല പുസ്തക പ്രദർശനം<br>ക്ലാസ് തല പതിപ്പുകൾ<br>ഓഡിയോ പങ്കുവെക്കൽ | നവംബർ 13 ന് ബാലപുസ്തക പ്രദർശനം |
| ഡിസംബർ | കഥാശില്പശാല<br>ക്ലാസ് തല പരിപാടികൾ<br>ഓഡിയോ പങ്കുവെക്കൽ | കഥാശില്പശാല |
| ജനുവരി | രക്ഷിതാക്കളുടെ കഥാ വായന മൽസരം<br>ക്ലാസ് തല പതിപ്പുകൾ<br>ഓഡിയോ പങ്കുവെക്കൽ | കഥാവായനാ മത്സരം |
| ഫിബ്രവരി | ലക്ഷ്യപ്രഖ്യാപനം,പദ്ധതി പൂർത്തികരണം<br>ഡിജിറ്റൽ പോർട്ട് ഫോളിയോ പ്രകാശനം<br>ക്ലാസ് തല പതിപ്പുകളുടെ പ്രദർശനം | ലക്ഷ്യ പ്രഖ്യാപനം |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## രണ്ടാംതരം

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാര-നാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരു-മായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ വായന<br>21. വായനക്കൂട്ടം-മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 10 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകര-ണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – മലയാളം
## മൂന്നാം തരം

**ലക്ഷ്യം :** മുഴുവൻ വിദ്യാർത്ഥികളെയും ലഘു ബാലസാഹിത്യ കൃതികൾ വായിക്കാൻ പ്രാപ്തരാക്കുന്നു. അവയുടെ ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നു. ലഘു രചനകളിൽ ഏർപ്പെടുന്നു.

**ഘട്ടങ്ങൾ :**

മൂന്നാം തരത്തിലെ കുട്ടികൾക്ക് പര്യാപ്തമായ ലഘു ബാലസാഹിത്യ രചനകൾ വിഷയാടിസ്ഥാനത്തിൽ ( മലയാളം, ഇംഗ്ലീഷ്) കണ്ടെത്തുന്നു ക്ലാസ് അടിസ്ഥാനത്തിൽ തരം തിരിക്കുന്നു.

ക്ലാസ് പിടിഎ യോഗം വിളിച്ചുചേർക്കുന്നു. അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യപ്രസ്താവന അവതരിപ്പിക്കുന്നു. പ്രവർത്തന ഘട്ടങ്ങൾ വിശദീകരിക്കുന്നു.

ക്ലാസ് പിടിഎ യോഗങ്ങളിൽ തെരഞ്ഞെടുത്ത കാർഡുകൾ/പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. കുഞ്ഞുവായന, അമ്മ വായന, വീട്ടുവായന
ക്ലാസ് തല വായനക്കൂട്ടങ്ങൾ
വായനയുടെ / ആസ്വാദനത്തിന്റെ അവതരണം (അമ്മമാർ,കുട്ടികൾ)
രചനാ ശിൽപ്പശാലകൾ അമ്മമാർക്കും കുട്ടികൾക്കും (എഴുത്ത്, ലേ ഔട്ട്, ഡിസൈൻ)
രചനകളുടെ പ്രകാശനം (നേതൃത്വം : അമ്മമാരും കുട്ടികളും) രചനകളുടെ അവതരണം
വിളംബരം

**തുടർ പ്രവർത്തനങ്ങൾ**
നിർവഹണം
പുസ്തക സമാഹരണം

**ജൂൺ 15 മുതൽ**

ഓൺലൈൻ പിടിഎ യോഗം ചേരുകയും ക്ലാസ് ലൈബ്രറി വിപുലീകരണത്തിന്റെ ഭാഗമായി ചെറു ബാലസാഹിത്യ കൃതികൾ സംഘടിപ്പിക്കേണ്ടതന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികളുടെ പിറന്നാൾ, വീട്ടിലെ വിശേഷ ദിവസങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ ക്ലാസ് ലൈബ്രറികളിലേക്കാവശ്യമായ പുസ്തകങ്ങളുടെ ശേഖരണം. ലഭിച്ച പുസ്തകങ്ങളെ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തൽ

**ജൂലൈ ആദ്യവാരം**

ക്ലാസ് പിടിഎ യോഗം ചേരുന്നു. അക്കാദമിക മാസ്റ്റർ പ്ലാനിൻറെ ലക്ഷ്യപ്രസ്താവന, ഉദ്ദേശങ്ങൾ എന്നിവ അവതരിപ്പിക്കുന്നു.

**ജൂലൈ രണ്ടാംവാരം**

വായനാകാർഡ് നിർമാണ ശിൽപശാല
വായാനാ കാർഡുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ (ബാലരമ, ബാലഭൂമി, കളിക്കുടുക്ക....) കാർട്ടൂൺ പുസ്തകങ്ങൾ, ചിത്രപുസ്തകങ്ങൾ തുടങ്ങിയവയുടെ ശേഖരണം. രക്ഷാകർതൃ

യോഗം ചേരുന്നു. ലഘു വായനാ കാർഡുകൾ തയ്യാറാക്കുന്നു.

**ആഗസ്ത് – കുഞ്ഞുവായന**

തയ്യാറാക്കിയ ലഘു വായനാ കാർഡുകൾ ഉപയോഗിച്ച് ക്ലാസ് തലത്തിൽ വായനാ സന്ദർഭം ഒരുക്കൽ. വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ. ആവശ്യമായ പിന്തുണ നൽകൽ.

**അമ്മവായനവീട്ടുവായന**

വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ അമ്മമാർക്കായി വായനാ കാർഡുകൾ നൽ കുന്നു. വീട്ടിൽ നിന്നും കുട്ടിയും അമ്മയും ചേർന്നുള്ള വായന. ആവശ്യമായ ഘട്ടത്തിൽ അധ്യാപകൻെറ ഇടപെടൽ.

**സെപ്തംബർ**

**ക്ലാസ് തല വായനക്കൂട്ടങ്ങൾ**

വായനയിൽ വ്യത്യസ്ത നിലവാരമുള്ള കുട്ടികളെ കണ്ടെത്തുന്നു. മിശ്രഗ്രൂപ്പുകളായി കുട്ടികളെ തിരിക്കുന്നു. എല്ലാ ഗ്രൂപ്പിലും വായനയിൽ മുന്നോക്കം നിൽക്കുന്ന കുട്ടിയുണ്ടെന്ന് ഉറപ്പുവരുത്തണം. അവരുടെ മേൽനോട്ടത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പിന്തുണ നൽകൽ. ഓരോ ഗ്രൂപ്പിലും അധ്യാപകൻെറ മേൽനോട്ടവും വിലയിരുത്തലും .

**ഒക്ടോബർ**

കുട്ടികൾ വായനയിൽ നേടിയ മികവിൻെറ അടിസ്ഥാനത്തിൽ ക്ലാസ് ലൈബ്രറിയിൽ നിന്നും ലഘു ബാലസാഹിത്യ കൃതികൾ നൽകുന്നു. കുഞ്ഞുവായന അമ്മവായന വീട്ടുവായന എന്നിവയ്ക്ക് അവസരം നൽകൽ. വായിച്ച പുസ്തകങ്ങളുടെ ലഘു ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ.

**നവംബർ**

കുട്ടികളും അമ്മമാരും തയ്യാറാക്കിയ ലഘു ആസ്വാദനക്കുറിപ്പുകളുടെ അവതരണത്തിനുള്ള സന്ദർഭം ഒരുക്കൽ. മികവുകളെ കണ്ടെത്തൽ .പോരായ്മകൾ പരിഹരിക്കാനുള്ള പ്രവർ ത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

**ഡിസംബർ**

അധ്യാപകർ, എഴുത്തുകാർ എന്നിവരുടെ നേതൃത്വത്തിൽ രചനാ ശിൽപശാലകൾ സംഘടിപ്പിക്കൽ. ആസ്വാദനക്കുറിപ്പിൻെറ പ്രത്യേകതകൾ, എഴുത്തുരൂപങ്ങൾ എന്നിവ പരിചയപ്പെടുത്തൽ. വായനാ സാമഗ്രികളെ വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ശിൽപശാലയിൽ ഒരുക്കണം. ശിൽപശാലയിൽ രൂപപ്പെട്ട സാമഗ്രികളെ പുസ്തക രൂപത്തിലാക്കൽ.

**ജനുവരി**

ശിൽപശാലകളിൽ നിന്നും ലഭിച്ച അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ക്ലാസ് പിടി യോഗത്തിൽ കുട്ടികൾക്കും അമ്മമാർക്കും ബാലസാഹിത്യ കൃതികൾ നൽകുന്നു. കുഞ്ഞുവായന, അമ്മവായന, വീട്ടുവായന എന്നിവയിലൂടെ വ്യത്യസ്ത വ്യവരാഹ രൂപങ്ങളിലേക്കുള്ള രചനകൾ ക്ക് അവസരം നൽകുന്നു.

ഫെബ്രുവരി

ക്ലാസ് അധ്യാപകൻെറ കൃത്യമായ മോണിറ്ററിംഗ് , ഇടപെടൽ.

മാർച്ച്

രക്ഷിതാക്കളും കുട്ടികളും തയ്യാറാക്കിയ രചനകളെ പുസ്തക രൂപത്തിലാക്കൽ. പ്രൗഢമായ സദസ്സിൽ പ്രകാശനം. അവതരണം. മികവ് പ്രഖ്യാപനം

തുടർപ്രവർത്തനങ്ങൾ

സമീപ ലൈബ്രറികളിൽ മെമ്പർഷിപ്പ് ഉറപ്പുവരുത്തൽ. സ്കൂൾ തലത്തിൽ രചന വായന സന്ദർഭം ഒരുക്കൽ

## ക്ലാസ്സ് 3 അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
## ഗണിതം

ആമുഖം

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ നാം മികടന്നുകൊണ്ടി രിക്കുകയാണ് എന്നാൽ കോവിഡ് കാലത്തെ അടച്ചുപൂട്ടലിൽ നമ്മുടെ കുട്ടികൾ വീടുകളിൽ ഒറ്റപ്പെടുകയും അവർക്ക് സമപ്രായക്കാരുമായി കൂട്ടുകൂടുന്നതിനും കളികളിൽ ഏർപ്പെടുന്നതിനും കഴിഞ്ഞിട്ടില്ല. ഇത് അവരുടെ ശാരീരിക മാനസിക വികാസത്തിന് സടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഇത് അടിയന്തിരമായി പരിഹരിച്ചുകൊണ്ട് ക്ലാസിലെ മുഴുവൻ കുട്ടികളെയും മിടുക്കരാക്കി തീർക്കുന്നതിന് പുതിയ അധ്യയന വർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്.

ലക്ഷ്യങ്ങൾ

√ ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

√ മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കി മാറ്റുക

√ കലാകായിക പ്രവർത്തി പഠനാശയങ്ങൾ മറ്റുവിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലേയും ഗണിതത്തിലെയും പരിസരപഠനത്തിലെയും പഠനനേട്ടങ്ങൾ പൂർണമായും കാര്യക്ഷമമായും നേടിയവരാക്കുക .

√ മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

√ ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക

√ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക

√ മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായികാരോഗ്യക്ഷമത ഉറപ്പാക്കുക

√ സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുതാപം എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരരാക്കി മാറ്റുക.

- √ ആത്മവിശ്വാസത്തോടെ പൊതുസദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- √ ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് നിർമാണത്തിൽ കഴിവുള്ളവരാക്കുക
- √ എല്ലാവിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, തുല്യനീതി, സമത്വം ഇവ ഉറപ്പുവരുത്തുന്നു.

| ലക്ഷ്യം | പ്രവർത്തന ക്രമം,കാലയളവ് |
|---|---|
| ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.<br><br>മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കി മാറ്റുക<br><br>ഉൾച്ചേർന്ന ക്ലാസം സാധ്യതകൾ, എല്ലാവർക്കും പങ്കാളിത്തം | പ്രവർത്തിപരിചയ ഗണിത ശില്പശാല<br>ക്ലാസ് പി.ടി.എ വിളിച്ചുചേർക്കൽ<br><br>പ്രവൃത്തിപരിചയത്തിലൂടെ ഗണിതാശയങ്ങൾ രൂപീകരിക്കുന്നു.<br><br>പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ പങ്കാളിയാക്കൽ<br><br>സാമഗ്രികൾ സംഘടിപ്പിക്കൽ<br>ഗണിത വിജയംപ്രവർത്തനങ്ങൾ<br><br>ജിവിത ഗണിതം പ്രോജക്റ്റുകൾ |
| മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായികക്ഷമത ഉറപ്പാക്കുന്നു. | സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുമുൻപ് ലഘുവ്യായാമങ്ങൾ<br><br>സ്കേറ്റിംഗ്, എയറോബിക്സ്, ലഘുവർക്ക് ഔട്ട് നടത്തിക്കുക, കൃഷി, പൂന്തോട്ട നിർമാണം ഇവയിൽ പങ്കാളികളാകൽ,<br><br>വീടുകളിലും കൃഷിക്കും പൂന്തോട്ട നിർമാണത്തിലും പങ്കാളികളാകൽ,<br><br>മികച്ചവകണ്ടെത്തി അനുമോദിക്കൽ, ക്രാഫ്റ്റ്, ആർട്ട് നിർമാണപ്രവർത്തനങ്ങളിൽ പങ്കാളികളാക<br><br>ജൂൺ ആദ്യവാരം മുതൽ |

## **Academic Master Plan**

STD 3

English

Aim : To speak, Read, & write English without any mistakes

Time - June to march

PRETEST

To check the vocabulary and writing skills of pupils.

June and July

To develop listening skills & reading skills.

**Listening skills**

1 Games, Action songs ,Hello English activities
2 Conversations, skit stories
  Use ICT

**Speaking skills**

1 Identify the naming words from the picture.
2 Identify the action words from the same pictures.
3 Make simple sentences using the action word and naming words about the picture.
4 Make symbol description about the picture.
5 Growing sentences , picture reading, self introduction Assembly are also conducted.

ACTIVITIES

speech
book review
quiz riddles
self introduction.
School radio etc

August and September

Develop the creative speaking and writing

**Reading skills**

1 News paper reading, library books reading, book review, reading breaking news.
2 Find words.
3 Collect and read past tense.
4 Rhyming words
5 Describing words etc.
6 Textbook activities

**Writing skills**

1 Make word web
2 Picture description with describing words
3 Word chain sentence chain
4 Make words,& sentences
5 Make riddles, conversations
6 Add more lines

ACTIVITIES - Speech

- √ book review
- √ quiz riddles
- √ self introduction.
- √ School radio
- √ makes description magazines etc

October and November

To express thoughts feelings etc

**Reading skill**

1 News paper reading, library books reading, book review, reading
2 Conversations, skit stories use ICT materials
3 Reads breaking news
4 Develop story
5 Read notice

**Writing skills**

1 Description
2 Notice proclamation
3 Thought

ACTIVITIES - speech

Quiz riddles
School radio
Makes magazines, skits etc

December and January

1 Develop the creative speaking and writing
2 To express thoughts feelings etc

Reading skills

1 News paper reading, library books reading, book review, reading
2 conversations, skit stories use ICT materials

3 Reads breaking news
4 develop story
5 Reads diary
6 Reads letters from friends

**Writing skills**

1 Diary
2 Letter
3 Announcement

ACTIVITIES - speech

quiz riddles
School radio
makes magazines,skits
class room post office etc.
February and march

To improve the presentation power

**Reading skill**

1 News paper reading,library books reading, book review, reading
2 Conversations, skit stories use ICT materials
3 Reads breaking news
4 Develop story
5 Reads diary
6 Reads letters from friends

**Writing skills**

1 Diary
2 Letter
3 Announcement
4 Description
5 Notice proclamation
6 Thought

ACTIVITIES - speech

- √ quiz riddles
- √ School radio
- √ makes magazines
- √ skits
- √ class room post office
- √ Exibitionetc

# ക്ലാസ് മാസ്റ്റർ പ്ലാൻ - നാലാം തരം

**ആമുഖം:**

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 202223 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നല്കി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു. കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരികസാമൂഹിക വൈജ്ഞാനിക

പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവര പദ്ധതി ലക്ഷ്യമിടുന്നു

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്ഫുടത യോടെയും ഒഴുക്കോടെ യും ആശയ വ്യക്ത തയോടെയും ഉള്ള വായന | വായിക്കാം, എഴുതാം, വായിക്കാം. | കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടിയുള്ള ഉച്ചത്തിൽ വായന<br>നിശബ്ദ വായന<br>വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ<br>നിശബ്ദ വായന<br>ഉച്ചത്തിൽ വായന<br>വായനകാർഡ് നൽകുന്നു. | 2 ആഴ്ച |
| | വായിക്കാം,എഴുതാം, വായിക്കാം. തുടർപ്രവർത്തനം | കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>വായനാ കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതുന്നു<br>കുട്ടി രക്ഷിതാവിനെ വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ / വീഡിയോ അയച്ചു തരുന്നു. | 2 ആഴ്ച |
| | ആശയം പറയാം | കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>നിശബ്ദ വായന<br>വായിച്ചറിഞ്ഞ ആശയം പറയൽ<br>ആവശ്യമെങ്കിൽ ആവർത്തന വായന.<br>ഉച്ചത്തിൽ വായന<br>കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെ യുള്ള ഉച്ചത്തിൽ വായന | ജൂൺ |
| പഠനനേട്ടം സംഖ്യാബോധം | ആശയം പറയാം തുടർപ്രവർത്തനം | കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>കുട്ടി രക്ഷിതാവിന് വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>വായിച്ചറിഞ്ഞ ആശയം രക്ഷിതാ വിന് പറഞ്ഞു കൊടുക്കുന്നു | ജൂൺ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | വായിക്കാം കൂട്ടുകാരെ | കുട്ടിക്ക് കഥ പുസ്തകം വായനാ കാർഡ് നൽകുന്നു.<br>നിശബ്ദ വായന<br>ഉച്ചത്തിലുള്ള വായന<br>കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന | ജൂൺ-ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>കുട്ടി രക്ഷിതാവിന് വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ വീഡിയോ അയച്ചു തരുന്നു | ജൂൺ-ജൂലൈ |
| | വായിക്കാം. അഭിപ്രായം പറയാം | കുട്ടികൾക്ക് ഒരു കഥ കാർഡ് നല്കുന്നു.<br>വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ-ആഗസ്ത് |
| | ക്ലാസ് റൂം ലൈബ്രറി | ക്ലാസ്റൂം ലൈബ്രറി ഒരുക്കുന്നു.<br>ലൈബ്രറിയൻ ആയി കുട്ടികളെ തെരഞ്ഞെടുക്കുന്നു.<br>പുസ്തക വിതരണം<br>വായന, വായനനുഭവം പങ്കുവയ്ക്കൽ | ജൂൺ-ഒക്ടോബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| കവിത, കഥ എന്നിവ കേട്ടു സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം. എഴുതാം | കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br><br>കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br><br>കഥ സ്വയം എൽ.<br><br>അധ്യാപികയുടെ ഇടപെടൽ.<br><br>മെച്ചപ്പെടുത്തി എഴുത | 2 ആഴ്ച |
| | കഥകാണാം. എഴുതാം. തുടർ പ്രവർത്തനം<br><br>ചിത്രത്തിലെന്തെല്ലാം | രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br><br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ വീഡിയോ അയച്ച്<br><br>കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു.<br><br>കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br><br>ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം<br><br>വിവരണം എഴുതൽ<br><br>അധ്യാപികയുടെ ഇടപെടൽ.<br><br>രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| | എന്തെല്ലാം കാഴ്ചകൾ | കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് കുറിപ്പെഴുതാൻ അവസരം.<br><br>എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു | 2 ആഴ്ച |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | കവിത പൂർത്തിയാക്കാം<br><br>പാടി അവതരിപ്പിക്കാം | ~~വിട്ടുപുസ്തകം പൂന്തോട്ടത്തിൽ വാർത്തയുണ്ട്?~~<br>വിട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?വാർത്തയെന്തുണ്ട്?<br>നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടോ?<br>വിട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?വാർത്തയെന്തുണ്ട്?<br>മാഞ്ചുവട്ടിൽ മാങ്ങ വീണ വാർത്തയുണ്ടല്ലോ<br>..........................................<br>..........................................<br>..........................................<br>..........................................<br>കവിത പൂർത്തിയാക്കാൻ അവസരം. കവിത ഈണം കണ്ടെത്തി പാടുന്നു. കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br><br>കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു. കവിത പാടുന്നതിന്റെ ഓഡിയോ/ വീഡിയോ അയക്കുന്നു.<br><br>കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/നിർദേശങ്ങൾ നിൽകുന്നു | ജൂൺ - സെപ്തമ്പർ |
| | സർഗാത്മക രചന | കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br><br>കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഒക്ടോബർ |
| | ക്ലാസ്റൂം ലൈബ്രറി | വായനക്കുറിപ്പ് | ഓഗസ്റ്റ് - മാർച്ച് |
| | | | |

# ക്ലാസ് മാസ്റ്റർ പ്ലാൻ - നാലാം തരം

ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1 - 1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു. | നമ്പറെടുക്കാം | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു<br>* കിട്ടിയ സംഖ്യ വായിക്കാം<br>* മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ<br><br>പാറ്റേൺ പൂർത്തിയാക്കാം | സംഖ്യ നറുക്ക് എടുക്കുന്നു.<br>* കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.<br><br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br><br>ആരോഹണക്രമം, അവരോഹണ ക്രമം എഴുതാം. | ജൂൺ |
| | കൂട്ടങ്ങളാക്കാം | ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br><br>കളി നോട്ട് ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ ഓഗസ്റ്റ് |
| മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | സംഖ്യാസൂര്യൻ | ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br><br>ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കാം | സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | ജൂൺ - സെപ്റ്റംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിൽ ഒരു കട കച്ചവടക്കണക്ക് | കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി ലരെ ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു. ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ.<br>സാധനം വാങ്ങുകയും പണം (കളി നോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>പ്രയാസങ്ങൾ ഗ്രൂപ്പിൽ അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| | സമയ ചക്രം | ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു.(am &pm)<br>സമയവുമായി ബന്ധപ്പെട്ട് പ്രയോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗ പ്പെടുത്തുന്നു. | ജൂലൈ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യ ചക്രം | സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ക്രിയകൾ ചെയ്യുന്നു | ജൂലൈ - മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം | അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>ക്രിയ ചെയ്യാം.<br>ആരുടെ ഇത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം | ജൂലൈ - ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെ ടുക്കാൻ അവസരം<br>കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഇത്തരം ആണെന്ന് കണ്ടെത്തി, ആ കുളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

# ക്ലാസ് മാസ്റ്റർ പ്ലാൻ - നാലാം തരം

പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം<br><br>വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br><br>ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച. നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം,<br><br>സ്വയം തിരുത്താം.<br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം. *<br><br>തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ- ഒക്ടോബർ |
| | പൂരാട്ടം ഒരുക്കാം | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ മാർച്ച് |
| | ഒരു തൈ നടാം | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ<br>നട്ട വൃക്ഷമായെ പരിപാലിക്കൽ | ജൂൺ മാർച്ച് |
| | പോസ്റ്റർ നിർമാണം | പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ | ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നല്കുന്നു. | ജൂൺ മാർച്ച് |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | നമ്പർ വൺ | ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br><br>വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ മാർച്ച് |
| | പരിസര നടത്തം | നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ ഡിസംബർ |
| | നല്ല ശീലം | പോസ്റ്ററുകൾ തയ്യാറാക്കാം<br>പരിസരങ്ങളിൽ പതിക്കാം | ജൂലൈ മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട്...) | ജനുവരി മാർച്ച് |
| | പരീക്ഷണങ്ങൾ | ശാസ്ത്ര കൌതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | ക്യാമ്പ്<br>മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ ഫെബ്രുവരി |
| | പക്ഷി നിരീക്ഷണം | പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി മാർച്ച് |
| | | | |

# CLASS MASTER PLAN
## STD 4

**ENGLISH**

| OUTCOMES | ACTIVITIES | LEARNIG ACTIVITY DETAILS | DURATION |
|---|---|---|---|
| Describes the pictures | Picture Description. | The teacher shows a picture.<br>Discussion.<br>The children talk about the picture.<br>***Slow learners.***<br>Gives opportunity to express their idea in Malayalam. | June to august |
| Arranges word in alphabetical order | Dictionary. | Introducing the dictionary.<br>Gives words.<br>Arranging words in alphabetical order | July to march |
| Adds more exchanges to the Conver-sation suitable to the context | Conversation | Reading the conversation.<br>Conversation is acting with friends.<br>Adds more exchanges to the Conversation.<br>***Slow learners.***<br>Gives opportunity to express their idea in Malayalam. | July to march |
| Identifies rhyming words from the poem | Rhyming words. | Plays the audio of song<br>Let the learner sing after the audio.<br>Discussion.<br>Identifies rhyming words. | July to September |
| Adds lines to a poem following a set pattern. | Add more lines. | Plays the audio of song.<br>Let the learner sing after the audio.<br>Adds lines to the poem | July to December |
| Reads and understands the given stories and poems | Let'sread. | Provides the opportunity to read simple stories and poems.<br>They tell the story they read. | December to march |

| OUTCOMES | ACTIVITIES | LEARNIG ACTIVITY DETAILS | DURATION |
| --- | --- | --- | --- |
| Makes simple riddles | Riddles. | Gives children the opportunity to hear and answer<br>simple riddles.<br>Makes simple riddles<br>***Slow learners.***<br>Gives opportunity to express their idea in Malayalam. | August to march |
| Undertakes simple project work given | Projectworks. | Gives instructions.<br>Data collection.<br>Codifying. | October to march |